بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّ اَنۡتُمۡ اَذِلَّۃٌ

വാല്യം 6

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 2

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജനുവരി 14/ഹി.ശം. 1400 സ്വുൽഹ് 14/1442 ജമാദുൽ അവ്വൽ 29

## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا کُوۡنُوۡا قَوّٰمِیۡنَ
بِالۡقِسۡطِ شُہَدَآءَ لِلّٰہِ وَلَوۡ عَلٰۤی
اَنۡفُسِکُمۡ اَوِ الۡوَالِدَیۡنِ وَالۡاَقۡرَبِیۡنَ

'വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണമായി നീതിപാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അതു നിങ്ങൾക്കു തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും.'(4:136)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### നിശബ്ദരായും ശ്രദ്ധയോടും കൂടി ഖുത്ബ കേൾക്കുക.

(934) ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:'ഇമാം പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ നിന്റെ അടുത്തിരിക്കുന്ന വ്യക്തിയോടു നിശബ്ദമായി ഇരിക്കൂ എന്ന് നീ പറഞ്ഞുപോയെങ്കിൽ നീ അനാവശ്യമാണ് പ്രവർത്തിച്ചിരിക്കുന്നത്.'(സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽജമുഅ)

(962) ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ) തിരുമേനിയോടൊപ്പവും അബൂബക്ർ, ഉമർ, ഉഥ്മാൻ(റ.ഹും) എന്നവരോടൊപ്പവും പെരുന്നാൾ നമസ്കാരത്തിൽ പങ്കെടുത്തിട്ടുണ്ട്. അവരെല്ലാവരുംതന്നെ പ്രസംഗത്തിനുമുമ്പേയായിരുന്നു നമസ്കരിച്ചിരുന്നത്.'

(964) ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. നബി(സ)തിരുമേനി ചെറിയ പെരുന്നാൾ ദിവസം രണ്ടു റക്അത്ത് നമസ്കരിച്ചു. അതിനുമുമ്പേയും അതിനുശേഷവും നബി(സ)സുന്നത്ത് നമസ്കരിച്ചിരുന്നില്ല. ശേഷം സ്ത്രീകളുടെ അടുത്തുവന്ന് ധർമം ചെയ്യാൻ അവരോടു നിർദേശിച്ചു. നബി(സ)തിരുമേനിയുടെ കൂടെ ബിലാലും ഉണ്ടായിരുന്നു. സ്ത്രീകൾ അവരുടെ സ്വർണംകൊണ്ടും വെള്ളികൊണ്ടും നിർമിക്കപ്പെട്ട കർണാഭരണങ്ങളും മാലകളും അതിലിടുവാൻ തുടങ്ങി. (സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽ യീദയ്ൻ, പ്രസാധനം ഖാദിയാൻ 2006)

**ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നതുവരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല.**
**അല്ലാഹുവിൽ അഭയം തേടുക. നമസ്കാരങ്ങൾ പതിവായി അതിന്റെ ചിട്ടയോടുകൂടി അനുഷ്ഠിക്കുക. നമസ്കാരങ്ങൾ മാപ്പാകുകയില്ല. പ്രവാചകന്മാർക്കും അത് മാപ്പായിട്ടില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### അധികാരസ്ഥരെ അനുസരിക്കൽ

വിശുദ്ധ ഖുർആനിൽ കല്പിക്കുന്നു:അത്വീയുല്ലാഹ വ അത്വീയുർറസൂല വ ഉലിൽഅംരി മിൻകും വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക. അവന്റെ ദൂതനേയും നിങ്ങളിൽനിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. അധികാരസ്ഥരെ അനുസരിക്കുക എന്നത് വ്യക്തമായ കല്പനയാണ്. സർക്കാർ ഉലിൽഅംരിൽപ്പെട്ടവരല്ലെന്ന് ആരെങ്കിലും പറഞ്ഞാൽ ഇത് അയാളുടെ സ്പഷ്ടമായ തെറ്റാണ്. ശരീഅത്തനുസരിച്ച് സർക്കാർ ചെയ്യുന്ന കാര്യങ്ങൾ മിൻകും എന്നതിൽപ്പെട്ടതാണ്. നമ്മെ എതിർക്കാത്തവർ നമ്മിൽപ്പെട്ടവരാണ്. ഖുർആനിന്റെ സൂചന എന്ന നിലയിൽ വിശുദ്ധ ഖുർആനിൽനിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്, സർക്കാറിനെ അനുസരിക്കുകയും അവർ പറയുന്ന കാര്യങ്ങൾ അംഗീകരിക്കുകയും ചെയ്യേണ്ടതാണെന്ന്.

### ഭാഗ്യവാന്മാരുടെ വഴികൾ സ്വീകരിക്കുക.

നന്മയിലേക്കും തഖ്വയിലേക്കും ശ്രദ്ധിക്കേണ്ടതാണ്. സൗഭാഗ്യന്മാരുടെ വഴികൾ സ്വീകരിക്കേണ്ടതാണ്. അപ്പോഴാണ് എന്തെങ്കിലുമാകുന്നത്. **ഇന്നല്ലാഹ ല യുഗയ്യിറു മാ ബി ഖൗമിൻ ഹത്താ യുഗയ്യിറു മാ ബിഅൻഫുസിഹിം** ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നതുവരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല.(13:12) ജനങ്ങൾ അല്ലാഹുവിലേക്ക് മടങ്ങുക എന്നതാണ് അനിവാര്യം. നമസ്കരിക്കുക. സക്കാത്തു കൊടുക്കുക. സൽസ്വഭാവങ്ങളോടു ഇണങ്ങുകയും ദുഷ്കർമങ്ങളിൽനിന്ന് പിന്മാറുകയും ചെയ്യുക. ചിലപ്പോൾ ഒരു തിന്മചെയ്യുന്നു, അത് മുഴുവൻ നഗരത്തിനും വീടിനും നാശത്തിനു കാരണമായിത്തീരുന്നു വെന്നത് നല്ലവണ്ണം സ്ഥാപിതമായ കാര്യമാണ്. അതുകൊണ്ട് തിന്മകൾ ഉപേക്ഷിക്കുക, അത് നാശത്തിന് കാരണമായിത്തീരുന്നതാണ്.

### നമസ്കാരം പതിവായി അനുഷ്ഠിക്കുക.

അല്ലാഹുവിൽ അഭയം തേടുക. നമസ്കാരങ്ങൾ പതിവായി അതിന്റെ ചിട്ടയോടുകൂടി അനുഷ്ഠിക്കുക. ചിലപ്പോൾ ആളുകൾ ഒരു നേരത്തെ നമസ്കാരം മാത്രം നമസ്കരിക്കുന്നു. നമസ്കാരങ്ങൾ മാപ്പാകുകയില്ല. പ്രവാചകന്മാർക്കും അത് മാപ്പായിട്ടില്ല. ഒരു ഹദീഥിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനിയുടെ അടുക്കൽ ഒരു പുതിയജമാഅത്തുകാർ വന്നു. അവർ നമസ്കാരം മാപ്പാക്കണമെന്ന് പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: 'കർമങ്ങളില്ലാത്ത മതം, അശേഷം മതമല്ല.'(മൽഫൂദാത്ത് വാള്യം 1, പേജ് 238-240, പ്രസാധനം ഖാദിയാൻ 2018)

★★★★

**ഇവൻ മതപരമായ സേവനത്തിൽ വ്യാപൃതനായാൽ തന്റെ സഹോദരന്റെ അപ്പക്കഷണത്തിലായിരിക്കും വളരുക എന്ന് താങ്കൾ പറയുന്നതെന്തിനാണ്.**
**ഇവൻ ദീനിപരമായ സേവനത്തിൽ വ്യാപൃതനായിരുന്നാൽ അവൻ മുഖേന അല്ലാഹു അവന്റെ സഹോദരന്റെ ഭക്ഷണത്തിൽ അനുഗ്രഹമുണ്ടാക്കുമെന്ന് താങ്കൾ എന്തുകൊണ്ട് പറയുന്നില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഔവ്വൽ(റ)ന്റെ കാലഘട്ടത്തിൽ മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ പഠന കാലഘട്ടം വന്നപ്പോൾ (മീർ സാഹിബ് എന്നെക്കാൾ ഒന്നേമുക്കാൽ വയസ്സിന് ചെറുപ്പമായിരുന്നു) പരേതനായ ഞങ്ങളുടെ മാതാമഹൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഔവ്വലുമായി കൂടിയാലോചിച്ചത് എനിക്കോർമയുണ്ട്;അവനെ എന്തു പഠിപ്പിക്കണമെന്ന്. അവന് മതപരമായ വിജ്ഞാനം നല്കാൻ അവിടന്ന് പറഞ്ഞു. ഒരു മകന് താങ്കൾ ഭൗതിക വിദ്യഭ്യാസം നല്കി. ഇവന് ദീനിപരമായ വിദ്യഭ്യാസം നല്കുക. അപ്പോൾ പരേതനായ മാതാമഹൻ സ്വന്തം നിലയിൽ അല്ലെങ്കിൽ മാതാമഹിക്കുവേണ്ടി പറഞ്ഞു:'എന്നാൽപ്പിന്നെ ഇവൻ തന്റെ സഹോദരന്റെ അപ്പക്കഷണത്തിലായിരിക്കും വളരുക.' അദ്ദേഹം ഇക്കാര്യം പറഞ്ഞപ്പോൾ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഔവ്വൽ(റ)പറഞ്ഞു:'അല്ലാഹു ചില നേരത്ത് ഒരാൾക്ക് മറ്റൊരാൾക്കുവണ്ടി അപ്പം കൊടുക്കാറുണ്ട്. ഇവൻ ദീനിപരമായ സേവനത്തിൽ വ്യാപൃതനായിരുന്നാൽ അവൻ മുഖേന അല്ലാഹു അവന്റെ സഹോദരന്റെ ഭക്ഷണത്തിൽ അനുഗ്രഹമുണ്ടാക്കുമെന്ന് താങ്കൾ എന്തുകൊണ്ട് പറയുന്നില്ല?' പിന്നീട് ഖലീഫ ഔവ്വൽ(റ)ഹദ്റത്ത് അബൂഹുറയ്റ(റ)യുടെ സംഭവം കേൾപ്പിച്ചു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ സദസ്സിൽ എപ്പോഴും ഇരിക്കണമെന്നും അല്ലാഹുവിന്റെ റസൂൽ പറയുന്നത് കേൾക്കണമെന്നുമുള്ള ആഗ്രഹമുണ്ടായി. അങ്ങനെ അദ്ദേഹം രാവും പകലും മസജിദിൽ ഇരിക്കുമായിരുന്നു. നബി(സ)തിരുമേനി വെളിയിൽ വരുമ്പോഴൊക്കെ എന്തെങ്കിലും കാര്യം പറഞ്ഞാൽ അത് നഷ്ടപ്പെടാതിരിക്കാനായിരുന്നു അത്. അദ്ദേഹത്തിന്റെ നിവേദനങ്ങളുടെ ആധിക്യം കണ്ട് ചിലയാളുകൾ മനസ്സിലാക്കുന്നത് അബൂഹുറയ്റ(റ)വളരെ പഴയ സ്വഹാബിയാണെന്നാണ്. വാസ്തവത്തിൽ അദ്ദേഹം പഴയകാല സ്വഹാബിയല്ല. മറിച്ച് നബി(സ)തിരുമേനിയുടെ വഫാത്തിനു മൂന്നുവർഷം മുമ്പേയാണ് വിശ്വസിച്ചത്. എന്നാൽ, നിവേദനങ്ങൾ ഏറ്റവും കൂടുതൽ അദ്ദേഹത്തിന്റേതാണ്. ഒരു പക്ഷേ, ഇക്കാരണത്താലായിരിക്കും ആളുകൾ പഴയ പഴയ സ്വഹാബിമാരെ അറിയാത്തത്. എന്നാൽ, അബൂഹുറയ്റായെ അറിയുന്നു. കാരണം ഹദീഥുകളിൽ ആവർത്തിച്ചാവർത്തിച്ച് വരുന്നത് അബൂഹുറയ്റ ഇതു പറഞ്ഞു, അബൂ ഹുറയ്റ അതു പറഞ്ഞുവെന്നാണ്. ചുരുക്കത്തിൽ അദ്ദേഹം വളരെ താമസിച്ചാണ് ഇസ്‌ലാം

(ശേഷം പേജ് 9ൽ)

The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

## ഈ ലക്കത്തിൽ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി
ഖുത്ബ ജുമുഅ 2020 നവംബർ 27 (സമ്പൂർണ തർജമ)
പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَآ اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഉ**

## കറാമാത്തുസ്സാദിഖീൻ എന്ന ഗ്രന്ഥത്തിലെ തെറ്റുകൾ എടുത്തു കാണിച്ചാൽ ഓരോ തെറ്റിനും മുഹമ്മദു ഹുസയ്ൻ ബട്ടാലവിക്ക് 5 രൂപവീതം ഇനാം

കഴിഞ്ഞ ലക്കങ്ങളിൽ ഞങ്ങൾ കറാമാത്തുസ്സാദിഖീൻ' എന്ന ഗ്രന്ഥത്തെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഗംഭീരമായ വെല്ലുവിളിയെ കുറിച്ച് പറഞ്ഞിരുന്നു; ഈ ഗ്രന്ഥത്തിന് തുല്യമായതു കൊണ്ടുവന്നാൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് ആയിരം രൂപ ഇനാം വെച്ചിരുന്നു. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി പൊതുജനങ്ങളിൽ, സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ), ഖുർആനിക ജ്ഞാനമോ അറബിഭാഷാവിവരമോ ഒന്നുമില്ലാത്ത ആളാണെന്നും പെരുങ്കള്ളനും കറ്റുകെട്ടുകാരനുമാണെന്നും പ്രചരിപ്പിച്ചിരുന്നു. ഇക്കാരണത്താലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ), മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവിയെ വിശുദ്ധ ഖുർആന് തഫ്സീറെഴുതാൻ വെല്ലുവിളിച്ചത്; മുഹമ്മദു ഹുസയ്ന്റെ തെറ്റായ പ്രചാരണത്തിൽ കുടുങ്ങിപ്പോകുന്ന ആളുകൾ യാഥാർത്ഥ്യം അറിയുന്നതിനും അല്ലാഹു ആർക്കാണ് ഖുർആനികജ്ഞാനം പ്രദാനം ചെയ്തിട്ടുള്ളതെന്നും ഖുർആനികജ്ഞാനവും അറബിഭാഷാ ജ്ഞാനവും ഇല്ലാത്ത നിർഭാഗ്യനാരാണെന്ന് തിരിച്ചറിയുന്നതിനും വേണ്ടി.

ആദ്യം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനിലെ ഏതെങ്കിലും സൂറത്തിന് തഫ്സീറും നബി(സ)തിരുമേനിയെ പ്രശംസിച്ചുകൊണ്ട് സാഹിത്യ സാമ്പൂർണമായ നൂറു വരികളടങ്ങുന്ന ഒരു കവിതയും രചിക്കാനാണ് വെല്ലുവിളിച്ചത്. ആരാണോ മത്സരത്തിൽനിന്ന് പിന്തിരിഞ്ഞോടുന്നത് അവന്റെ മേൽ അല്ലാഹുവിന്റെ 10 ലഅ്നത്ത് ഉണ്ടാകട്ടെ എന്നും എഴുതിയിരുന്നു. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി ഓടിക്കൊണ്ട് ഈ ഒഴികഴിവ് മെനഞ്ഞെടുത്തു:'ഒന്നാമതായി നാം താങ്കളുടെ അറബി ഗ്രന്ഥങ്ങളെ പരീക്ഷണത്തിന്റെ വീക്ഷണത്തിൽ നോക്കുന്നതായിരിക്കും;അവ തെറ്റുകൾക്കും മറവികൾക്കും അതീതമാണോ എന്ന്. അല്ലെങ്കിൽ സ്വർഫിന്റേയും നഹ്വിന്റേയും(അറബിവ്യാകരണം)തെറ്റുകൾ മാത്രമാണാ അവയിൽ കാണുന്നതെന്ന് പരിശോധിക്കുന്നതായിരിക്കും. തെറ്റുകളൊന്നും അവയിൽ കാണുന്നില്ലെങ്കിൽമാത്രം തഫ്സീറെഴുതിയും നൂറുവരി അടങ്ങിയ കവിത എഴുതിയും മത്സരം നടത്തുന്നതിന് ഒരു ഒഴികഴിവും ഉണ്ടായിരിക്കുന്നതല്ല.'(കറാമാത്തുസ്സാദിഖീൻ, റൂഹാനീ ഖസാഇൻ, വാല്യം 7, പേജ് 46)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)അദ്ദേഹത്തിന്റെ പിന്തിരിഞ്ഞോട്ടത്തെ സംബന്ധിച്ച് എഴുതി: 'ബട്ടാലവി സാഹിബ് തന്റെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഈ തന്ത്രം മെനഞ്ഞെടുത്തതാണെന്ന് ബുദ്ധിമാന്മാർ മനസ്സിലാക്കിയിട്ടുണ്ട്. കാരണം അറബിയിലോ ഫാർസിയിലോ ഉള്ള വിശാലമായ ഏതെങ്കിലും ഗ്രന്ഥത്തിൽ തെറ്റോ അബദ്ധമോ ഉണ്ടാകാതിരിക്കുകയില്ലെന്ന് അദ്ദേഹത്തിന് നല്ലവണ്ണം അറിയാം. കുതന്ത്രക്കാരന് ഏതെങ്കിലും പദം അത് എഴുത്തുകാരന്റെ കൈപ്പിഴകൊണ്ടുണ്ടായതാകാം തെളിവ് സമർപ്പിക്കുന്നതിന് ഒരു ആശ്രയമാകാവുന്നതാണ്. അദ്ദേഹം ഒരുപാട് കൈകാലിട്ടടിച്ചും 'മരിക്കാൻ പോകുന്നവൻ എന്താണ് ചെയ്യാത്തത്' എന്ന പഴഞ്ചൊല്ല് അനുസരിച്ച് പ്രവൃത്തിച്ച് ലജ്ജാഹീനമായ ഈ ഒഴികഴിവ് സമർപ്പിച്ചിരിക്കുകയാണെന്ന് മനസ്സിലാകുന്നു. അങ്ങനെ തെരുവുകുടിലതകൊണ്ട് തന്റെ മനസ്സിനെ സന്തോഷിപ്പിച്ചിരിക്കുകയാണ്; എഴുത്തുകാരന്റെ കൈപ്പിശകുകൊണ്ടോ അല്ലെങ്കിൽ അറിയാതെ വന്നുപോയ എന്തെങ്കിലും അബദ്ധംകൊണ്ടോ വരുന്ന തെറ്റുകൾകൊണ്ട് ഈ തെളിവ് കൈ വരുമെന്ന് അദ്ദേഹം കരുതുന്നു. ഇപ്പോൾ തെറ്റ് നിങ്ങളുടെ ഒരു ഗ്രന്ഥത്തിൽ കണ്ടു കഴിഞ്ഞിരിക്കുന്നു അതുകൊണ്ട് സംവാദത്തിന്റെ ആവശ്യം നിലനില്ക്കുന്നില്ല.' (കറാമാത്തുസ്സാദിഖീൻ, റൂഹാനീ ഖസാഇൻ, വാല്യം 7, പേജ് 47)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്ലവണ്ണം ന്യായപൂർത്തി വരുത്തുന്നതിനു വേണ്ടി കറാമാത്തുസ്സാദിഖീൻ എന്ന ഗ്രന്ഥം രചിച്ചു. അതിൽ അറബി സാഹിത്യഭാഷയിൽ സൂറ ഫാത്തിഹായ്ക്ക് തഫ്സീർ എഴുതി. നബി(സ)തിരുമേനിയെ പ്രശംസിച്ചുകൊണ്ടുള്ള നാലു ഖസീദകളും രചിക്കുകയുണ്ടായി. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവിയെ മത്സരിക്കാൻ വിളിച്ചു. മത്സരം നടന്നാൽ അവിടന്ന് അദ്ദേഹത്തിന് 1000 രൂപയുടെ ഇനാമും നിശ്ചയിച്ചു. കാരണം മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലിവി മത്സരത്തിൽനിന്ന് ഒളിച്ചോടുന്നതിന് ഈ ഒഴികഴിവ് മെനഞ്ഞെടുത്തിരുന്നു; ആദ്യം നാം താങ്കളുടെ അറബിരചനകൾ പരിശോധനാദൃഷ്ടിയോടെ, അത് തെറ്റുകളിൽനിന്ന് പരിശുദ്ധമാണോ എന്ന് നോക്കുന്നതായിരിക്കും. അത് തെറ്റുകളിൽനിന്ന് പരിശുദ്ധമാണെങ്കിൽ മത്സരം നടക്കുന്നതായിരിക്കും. തെറ്റുകളുണ്ടെങ്കിൽ മത്സരമില്ല. അതിനാൽ എന്റെ ഉസ്താദാണെന്നവ്യാജേനയുള്ള അദ്ദേഹത്തിന്റെ പ്രകടനത്തേയും തകർത്തുതരിപ്പണമാക്കണമെന്ന് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അനിവാര്യമായി മനസ്സിലാക്കി. അതുകൊണ്ട് കറാമത്തുസ്സാദിഖീന് തത്തുല്യമായതു കൊണ്ടുവരികയാണെങ്കിൽ ആയിരം രൂപ ഇനാം നിശ്ചയിച്ചതിനോടൊപ്പംതന്നെ കറാമത്തുസ്സാദിഖീനിലെ തെറ്റുകൾ എടുത്തു കാണിച്ചാൽ ഓരോ തെറ്റിനും അഞ്ചു രൂപാവീതം നല്കാമെന്നും വാഗ്ദാനം ചെയ്തു. അവിടന്നെഴുതി:

'എതിരിടുന്ന വ്യക്തി ഖസീദകളും തഫ്സീറും പ്രസിദ്ധീകരിച്ചതിനുശേഷം അദ്ദേഹത്തിന്റെ ഖസീദകളും അദ്ദേഹത്തിന്റെ തഫ്സീറും 'നഹ്‌വു'പരവും 'സ്വർഫു'പരവും സാഹിത്യപരവുമായ തെറ്റുകൾക്കതീതമാണെന്നും എന്റെ ഖസീദകളെക്കാളും തഫ്സീറിനെക്കാളും മികച്ചതാണെന്നും തെളിയുകയും എന്റെ ഖസീദകളിലും തഫ്സീറിലും നിന്ന് എന്തെങ്കിലും തെറ്റ് പുറത്തെടുക്കുകയും ചെയ്താൽ ഓരോ തെറ്റിനും 5 രൂപ ഇനാമും അദ്ദേഹത്തിന് നല്കുന്നതായിരിക്കുമെന്നും ഞാൻ സമ്മതിക്കുകയാണ്. എന്നാൽ, ഓർക്കുക! കുറ്റം കണ്ടുപിടിക്കൽ വളരെ എളുപ്പമുള്ള കാര്യമാണ്. ഒരു ജാഹിലിനും അത് നടത്താൻ കഴിയും. എന്നാൽ, യഥാർഥ വസ്തുത പ്രകടിപ്പിക്കൽ ദുഷ്കരമാണ്.' (കറാമാത്തുസ്സാദിഖീൻ, റൂഹാനീ ഖസാഇൻ, വാല്യം 7, പേജ് 49)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് തെറ്റുകൾ കണ്ടുപിടിക്കാൻ അനുവാദം നല്കിയത്, അദ്ദേഹത്തിന്നെതിരിൽ മുഹമ്മദ് ഹുസയ്ൻ തഫ്സീറും ഖസീദയും എഴുതുമ്പോഴാണ്. അല്ലാതെ ഓശാരത്തിൽ വിമർശിക്കാൻ അനുവാദമില്ല. അഹങ്കാരിയെ അല്ലാഹു നിന്ദിതനാക്കുന്നു. മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അല്ലാഹുവിന്റെ ഒരു നബിയ്ക്കെതിരിലാണ് എഴുന്നേറ്റുനിന്നത്. അതുകൊണ്ട് ആത്മീയത അദ്ദേഹത്തിൽനിന്ന് അല്ലാഹു തട്ടിപ്പറിച്ചെടുത്തു. അയാളുടെ ബുദ്ധി നശിപ്പിക്കുകയും ചെയ്തു. അയാളു ടെ പാണ്ഡിത്യത്തെ അറിവില്ലായ്മയിലേക്ക് മാറ്റി. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇവിടെ ഇതും ഓർക്കേണ്ടതുണ്ട്. ശെയ്ഖ് ബത്വാലവി ഈ സാധുവിന്റെ ചില അറബി വാക്യങ്ങളിൽനിന്ന് കണ്ടുപിടിച്ച തെറ്റുകളിൽനിന്ന് എന്തെങ്കിലും സ്ഥാപിതമായിട്ടുണ്ടെങ്കിൽ, അതുമുഖേന ഈ ശെയ്ഖിന്റെ ലജ്ജയില്ലായ്മ ഏതു നിലവരെ ഉയർന്നുവെന്നാൽ, ശരിയായിട്ടുള്ളത് അയാളുടെ ദൃഷ്ടിയിൽ തെറ്റും, സാഹിത്യഭാഷ അയാളുടെ ദൃഷ്ടിയിൽ സാഹിത്യമല്ലാതായും അയാൾ കാണാൻ തുടങ്ങി എന്നതാണ്. ഈ ജാഹിലായ ശെയ്ഖ് എവിടംവരെയാണ് തന്റെ ദോഷം വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നതെന്നും എന്തെല്ലാം നിന്ദ്യതകളാണ് അയാളുടെ വിധിയിലുള്ളതെന്നും അറിയുകയില്ല. പണ്ഡിതരായ ചില സാഹിത്യകാരന്മാർ ഇയാളുടെ ഇക്കാര്യങ്ങൾ കേട്ടും ഇയാളുടെ ഇത്തരത്തിലുള്ള കുറ്റപ്പെടുത്തലുകൾ അറിഞ്ഞും ഈ വ്യക്തി എന്തിനാണ് ഇത്രത്തോളം മഹാജ്ഞതയുടെ ചേറിൽ കുടുങ്ങി കിടക്കുന്നതെന്നോർത്ത് കരയുകയാണ്.'(കറാമാത്തുസ്സാദിഖീൻ, റൂഹാനീ ഖസാഇൻ, വാല്യം 7, പേജ് 63)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശെയ്ഖ് സാഹിബിന്റെ പാണ്ഡിത്യത്തിന്റെ അവസ്ഥ വിവരിച്ചുകൊണ്ട് പറയുന്നു: 'ഞാൻ വായനക്കാർക്ക് ഉറപ്പ് നല്കുകയാണ്. ശെയ്ഖ് ബട്ടാലവി അറബിജ്ഞാനത്തിൽ തികച്ചും അജ്ഞനാണ്. തെറ്റുകൾ ചൂണ്ടിക്കാണിക്കുക എന്നത് ആധുനിക അറബി ഭാഷയുടേയും പൗരാണിക അറബി ഭാഷയുടേയുംമേൽ ദൃഷ്ടി പോയിട്ടുള്ളവരുടെ ജോലിയാണ്. ഭാഷാപ്രയോഗത്തിലും ശൈലിപ്രയോഗത്തിലും അവർക്ക് അറിവുണ്ടാകണം. ആയിരക്കണക്കിന് അറബി കവിതകൾ അവരുടെ ദൃഷ്ടിയുടെ മുമ്പിൽ ഉണ്ടായിരിക്കണം. അന്വേഷിച്ചറിയുന്നതിന്റേയും പൊതുവായി അംഗീകരിക്കപ്പെട്ട യുക്തിയുടേയും വൈഭവം അയാൾക്കുണ്ടായിരിക്കേണ്ടതാണ്. എന്നാൽ, ഉർദു എഴുതിയെഴുതി തലനരച്ച ഈ പാപത്താൻ ശെയ്ഖ് സാഹിത്യശാസ്ത്രവും സാഹതീയ സൗന്ദര്യവും എന്തറിയാനാണ്. എപ്പോഴെങ്കിലും ഇരുന്നൂറോ നാന്നൂറോ വരികളടങ്ങുന്ന അറബി കവിത ഈ 'മഹാത്മാവ്' എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളതും സാഹതീയ

(ശേഷം പേജ് 12ൽ)

# ഖുത്ബ ജുമുഅ

യാ റസൂലല്ലാഹ്! ഇവരെക്കാളെല്ലാം എനിക്ക് പ്രായം കുറവാണെങ്കിലും ഞാൻ അങ്ങയെ സഹായിക്കുന്നതായിരിക്കും.
(ഹദ്റത്ത് അലി)

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദും ജാമാതാവുമായ അബൂതുറാബ് ഹദ്റത്ത് അലിയുൽമുർത്തളായുടെ ശ്ലാഘനീയമായ ജീവിതത്തിന്റെ ചർച്ച.

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അലി(റ), ഹദ്റത്ത് ഖദീജ(റ)ഇസ്‌ലാം സ്വീകരിച്ചതിന്റെ പിറ്റെ ദിവസം നബി(സ)തിരുമേനിയും ഹദ്റത്ത് ഖദീജയും നമസ്കരിക്കുന്നതു കണ്ടു. ഹദ്റത്ത് അലി(റ) അന്നത്തെ രാത്രി കഴിച്ചുകൂട്ടി. അടുത്ത ദിവസം രാവിലെ ഇസ്‌ലാം സ്വീകരിച്ചു. അപ്പോൾ അദ്ദേഹത്തിന് 13 വയസ്സായിരുന്നു.

---

പാക്കിസ്താനിലെ നങ്കാന ജില്ലയിലെ മുഢ്ബലൂചാൻ എന്ന സ്ഥലത്തെ ത്വാരിഖ് മഹ്മൂദ് സാഹിബിന്റെ മകൻ ഡോക്ടർ ത്വാഹിർ മഹ്മൂദ് സാഹിബ് ശഹീദ്, സിയറാലിയോൺ നാഷണൽ ജനറൽസെക്രട്ടറി ജമാലുദ്ദീൻ മഹ്മൂദ് സാഹിബ്, റബ്‌വയിലെ മുൻ നാളിർ ജാഇദാദും നിയമോപദേശകനുമായ മർഹൂം ചൗദരി സ്വലാഹുദ്ദീൻ സാഹിബിന്റെ ഭാര്യ അമത്തുസ്സലാം സാഹിബ, , ഡോക്ടർ ലത്വീഫ് ഖുറയ്ശി സാഹിബിന്റെ മാതാവ് മൻസ്വൂറാ ബുശ്റാ സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 നവംബർ 27/1399 നുബുവ്വത്ത് 27**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ -

ഇന്ന് ഹദ്റത്ത് അലി ബിൻ അബൂത്വാലിബി(റ)ന്റെ സ്മരണയോടുകൂടി ഖുലഫാഉർറാശിദീനെ കുറിച്ച് ഞാൻ തുടങ്ങുകയാണ്. ഹദ്റത്ത് അലി ബിൻ അബൂത്വാലിബ് ബിൻ അബ്ദുൽമുത്വലിബ് ബിൻ ഹാശിം. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദു മനാഫ് എന്നും സംജ്ഞാനാമം അബൂത്വാലിബ് എന്നും മാതാവിന്റെ പേര് ഫാത്വിമ ബിൻ ഹസൻ ബിൻ ഹാശിം എന്നായിരുന്നു. ഇദ്ദേഹം നബി(സ)തിരുമേനിയുടെ പ്രവാചകത്വത്തിന് 10 വർഷം മുമ്പേയാണ് ജനിച്ചത്. ഹദ്റത്ത് അലി(റ)ന്റെ രൂപാകാരത്തെ സംബന്ധിച്ച് പറയുന്നു: അദ്ദേഹത്തിന് ഇടത്തരം ഉയരമായിരുന്നു. കണ്ണുകൾ കറുത്തതും ശരീരം തടിച്ചതും ചുമലുകൾ വീതിയുള്ളതുമായിരുന്നു. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ലിഇബ്നി ഹജർ അസ്ഖലാനീ, വാള്യം 4, പേജ് 464, ദിക്ർ അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1995) (ഉസുദുൽഗാബ ലിമഅ്രിഫത്തിസ്സ്വഹാബ ലിഇബ്നി അഥീർ, വാള്യം 4, പേജ് 87–88, ദിക്ർ അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ 2003) (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ്, വാള്യം 3, പേജ് 218, ദിക്ർ അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്2002)

ഹദ്റത്ത് അലിയുടെ മാതാവ്, അദ്ദേഹത്തിന്റെ പേര് തന്റെ പിതാവിന്റെ പേരായ അസദ് എന്നാണ് വെച്ചത്. അദ്ദേഹത്തിന്റെ ജനന സമയത്ത് അബൂത്വാലിബ് വീട്ടിൽ ഇല്ലായിരുന്നു. അബൂത്വാലിബ് തിരിച്ചെത്തിയപ്പോൾ, അസദ് എന്നത് മാറ്റി അദ്ദേഹത്തിന്റെ പേര് അലി എന്ന് വെച്ചു.

ഹദ്റത്ത് അലിക്ക് 3 സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹോദരന്മാർ ത്വാലിബ്, അഖീൽ, ജഅ്ഫർ എന്നിവരും സഹോദരിമാർ ഉമ്മുഹാനി, ഉമ്മു ജമാന എന്നിവരുമായിരുന്നു. ഇവരിൽ ത്വാലിബ്, ജമാന എന്നിവരൊഴികെമറ്റെല്ലാവരും ഇസ്‌ലാം സ്വീകരിച്ചു.(താരീഖുൽ ഖുമയ്സ്, വാള്യം 1, പേജ് 295–297, വാള്യം 2, പേജ് 421, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2009)

ഹദ്റത്ത് അലിയുടെ സംജ്ഞാനാമം അബുൽ ഹസൻ, അബൂ സബ്ത്വയ്ൻ, അബൂ തുർറാബ് എന്നിവയായിരുന്നു.(ഉസുദുൽഗാബ ലിമഅ്രിഫത്തിസ്സ്വഹാബ ലിഇബ്നി അഥീർ, വാള്യം 4, പേജ് 88, ദിക്ർ അലി ബിൻ അബീത്വാലിബ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ 2003)(സ്വഹീഹുൽ ബുഖാരി, കിതാബുസ്സ്വലാത്ത്, ബാബു നൗമുർരിജാൽ ഫിൽ മസ്ജിദി, ഹദീഥ് 441)

സ്വഹീഹ് ബുഖാരിയിലുള്ള നിവേദനമനുസരിച്ച് ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദ് വിവരിക്കുന്നു: നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ വന്നപ്പോൾ ഹദ്റത്ത് അലിയെ വീട്ടിൽ കണ്ടില്ല. നബി(സ)തിരുമേനി ചോദിച്ചു: നിന്റെ പിതൃവ്യ പുത്രൻ എവിടെ? ഹദ്റത്ത് ഫാത്വിമ പറഞ്ഞു: എനിക്കും അദ്ദേഹത്തിനും ഇടയിൽ ഒരു സംസാരമുണ്ടായി. അദ്ദേഹം എന്നോട് ദേഷ്യപ്പെട്ടു പോയതാണ്. ഉച്ചമയക്കത്തിനുപോലും എന്റെകൂടെ ഉണ്ടായില്ല. തുടർന്ന് നബി(സ) തിരുമേനി അദ്ദേഹം എവിടെയാണെന്ന് അന്വേഷിക്കാൻ ഒരാളോട് പറഞ്ഞു. അയാൾ വന്ന് പറഞ്ഞു: യാ റസൂലല്ലാഹ്! അദ്ദേഹം മസ്ജിദിൽ ഉറങ്ങുന്നുണ്ട്. അങ്ങനെ നബി(സ)തിരുമേനി മസ്ജിദിലെത്തി. ഹദ്റത്ത് അലി അവിടെ കിടക്കുന്നുണ്ടായിരുന്നു. ഒരു വശത്ത് നിന്ന് അദ്ദേഹത്തിന്റെ ശരീരത്തിൽനിന്ന് പുതപ്പ് നീങ്ങിയിരുന്നു. അവിടെ പുറംഭാഗത്ത് അല്പം പൊടി പറ്റിയിരുന്നു. നബി(സ)തിരുമേനി പൊടിതുടച്ചിട്ട് പറഞ്ഞു: അബുതുർറാബേ! എഴുന്നേൽക്കൂ, അബൂതുർറാബേ! എഴുന്നേൽക്കൂ. (സ്വഹീഹുൽ ബുഖാരി, കിതാബുസ്സ്വലാത്ത്, ബാബു നൗമുർരിജാൽ ഫിൽ മസ്ജിദി, ഹദീഥ് 441)

ആ സമയം മുതലാണ് അദ്ദേഹം അബൂതുർറാബ് എന്ന് വിളിക്കപ്പെട്ടു തുടങ്ങിയത്.

അദ്ദേഹം എങ്ങനെയാണ് നബി(സ)തിരുമേനിയുടെ സംരക്ഷണത്തിൽ വന്നത് എന്നതു സംബന്ധിച്ച് വിവരണമുണ്ട്. മുജാഹിദ് ബിൻ ജബ്ർ അബുൽഹജ്ജാജ് വിവരിക്കുന്നു: അല്ലാഹുവിൽനിന്ന് ഖുറയ്ശികൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന ഒരു പ്രയാസം ഹദ്റത്ത് അലിക്ക് മേൽ അനുഗ്രഹാതിരേകത്തിന് നിദാനമായി. ഹദ്റത്ത് അബൂത്വാലിബിന്റേത് വലിയ കുടുംബമായിരുന്നു. നബി(സ)തിരുമേനി ബനൂ ഹാശിമിൽ കൂടുതൽ സൗകര്യങ്ങളുള്ള തന്റെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസിനോട് പറഞ്ഞു: അബ്ബാസ്! താങ്കളുടെ സഹോദരൻ അബൂത്വാലിബിന്റെ കുടുംബം വലുതാണ്. ഇപ്പോൾഉള്ള പട്ടിണിയിൽ ജനങ്ങളുടെ അവസ്ഥ താങ്കൾ കാണുന്നുമുണ്ട്. താങ്കൾ എന്നോടൊപ്പം വന്നാലും, നമുക്ക് അദ്ദേഹത്തിന്റെ കുടുംബത്തിന്റെ പ്രാരാബ്ധത്തിൽ കുറച്ചുകുറവാക്കിക്കൊടുക്കാം. അദ്ദേഹത്തിന്റെ ആൺമക്കളിൽ നിന്ന് ഒരാളെ ഞാൻ ഏറ്റെടുക്കാം. ഒരാളെ താങ്കൾ ഏറ്റെടുക്കണം. നമ്മൾ ഹദ്റത്ത് അബൂത്വാലിബിന് പകരം അവർക്ക് രണ്ടുപേർക്കും മതിയാകുന്നതാണ്. ഹദ്റത്ത് അബ്ബാസ് പറഞ്ഞു: ശരി. അവർ രണ്ടുപേരും ഹദ്റത്ത് അബൂത്വാലിബിന്റെ അടുക്കലെത്തി പറഞ്ഞു: ഇന്ന് ജനങ്ങൾ അകപ്പെട്ടിരിക്കുന്ന പ്രയാസങ്ങൾ ദൂരീകരിക്കുപ്പെടുന്നതുവരെ, ഞങ്ങൾ താങ്കളുടെ കുടുംബപ്രാരാബ്ധം അല്പം കുറക്കാമെന്ന് കരുതുന്നു. ഹദ്റത്ത് അബൂത്വാലിബ് പറഞ്ഞു: അഖീൽ എന്റെ കൂടെ തന്നെ നിൽക്കട്ടെ. മറ്റുള്ളവരുടെ കാര്യത്തിൽ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക. അങ്ങനെ നബി(സ)തിരുമേനി, ഹദ്റത്ത് അലി(റ)യുടെ കൈപിടിച്ച് തന്നോട് ചേർത്തു. ഹദ്റത്ത് അബ്ബാസ്(റ) ജഅ്ഫറിനെ ഏറ്റെടുത്തു. അല്ലാഹു നബി(സ)തിരുമേനിയെ നബിയായി നിയോഗിക്കുന്നവരേയും ഹദ്റത്ത് അലി, നബി(സ)തിരുമേനിയുടെ കൂടെതന്നെ താമസിച്ചു. തുടർന്ന് ഹദ്റത്ത് അലി, നബി(സ) തിരുമേനിയെ അനുഗമിക്കുകയും ആ മഹാത്മാവിൽ വിശ്വസിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഹദ്റത്ത് ജഅ്ഫർ, ഇസ്‌ലാം സ്വീകരിക്കുന്നതുവരേയും ഹദ്റത്ത് അബ്ബാസിന്റെ അടുക്കൽ തന്നെയാണ് താമസിച്ചത്. തുടർന്ന് ഹദ്റത്ത് അബ്ബാസ്, ഹദ്റത്ത് ജഅ്ഫറിന്റെ

ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയുകയുണ്ടായി. (താരീഖുത്ത്വബ്‌രീ, വാല്യം 2, പേജ് 225, പ്രസാധകർ ദാറുൽഫിക്ർ ലബ്നാൻ 2002)

ഈ ആദ്യത്തേത് താരീഖ് ത്വബ്‌രിയിലെ നിവേദനമാണ്. ഇതേ കാര്യം പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: 'അബൂത്വാലിബ് വളരെ ആദരണീയനായ വ്യക്തിയായിരുന്നു. പക്ഷേ, ദരിദ്രനുമായിരുന്നു. വളരെ പ്രയാസപ്പെട്ടാണ് അദ്ദേഹം ദിനങ്ങൾ കഴിച്ചുകൂട്ടിയിരുന്നത്. പ്രത്യേകിച്ചും മക്കയിൽ ഒരുതരം പട്ടിണി ഉണ്ടായപ്പോൾ അദ്ദേഹത്തിന്റെ ദിവസങ്ങൾ വളരെ പ്രയാസത്തിലാണ് കടന്നുപോയത്. നബി(സ)തിരുമേനി തന്റെ പിതൃവ്യന്റെ ഈ പ്രയാസം കണ്ടപ്പോൾ, മറ്റൊരു പിതൃവ്യനായ അബ്ബാസിനോട് ഒരു ദിവസം പറഞ്ഞു: പിതൃവ്യാ! താങ്കളുടെ സഹോദരൻ അബൂത്വാലിബിന്റെ ജീവിതം വളരെ പ്രയാസത്തിലാണ്. അദ്ദേഹത്തിന്റെ ആൺമക്കളിൽ ഒരാളെ താങ്കൾ ഏറ്റെടുക്കുകയും, ഒരാളെ ഞാൻ ഏറ്റെടുക്കുകയും ചെയ്താൽ എത്ര നന്നായിരുന്നു. അബ്ബാസ് ഈ അഭിപ്രായത്തോട് യോജിച്ചു. അവർ രണ്ടുപേരും ഒന്നിച്ച് അബൂത്വാലിബിന്റെ അടുക്കലെത്തി അദ്ദേഹത്തിന് മുന്നിൽ ഈ ആവശ്യം പറഞ്ഞു. അദ്ദേഹത്തിന് തന്റെ മക്കളിൽ അഖീലിനോട് ഏറെ സ്നേഹമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: അഖീൽ എന്റെ അടുത്ത് തന്നെ നിൽക്കട്ടെ. മറ്റുള്ളവരെ നിങ്ങളാഗ്രഹിക്കുന്നെങ്കിൽ കൊണ്ടുപൊയ്ക്കൊള്ളുക. അങ്ങനെ ജഅ്ഫറിനെ അബ്ബാസ് തന്റെ വീട്ടിലേക്ക് കൊണ്ടുപോയി. അലിയെ നബി(സ)തിരുമേനിയും തന്റെകൂടെ കൊണ്ടുവന്നു. ഹദ്റത്ത് അലി(റ)യുടെ പ്രായം അന്ന് ആറോ, ഏഴോ വയസായിരുന്നു. അതിനുശേഷം ഹദ്റത്ത് അലി, നബി(സ)തിരുമേനിയുടെ കൂടെത്തന്നെയായി. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 11)

ഹദ്റത്ത് അലി ഇസ്‌ലാം സ്വീകരിച്ചത് സംബന്ധിച്ച് ഇബ്നു ഇസ്ഹാഖ് നിവേദനം. ഹദ്റത്ത് അലി ബിൻ അബൂത്വാലിബ്, ഹദ്റത്ത് ഖദീജ ഇസ്‌ലാം സ്വീകരിക്കുകയും നബി(സ)തിരുമേനിയുടെ കൂടെ നമസ്കരിച്ചതിനും ഒരു ദിവസം കഴിഞ്ഞാണ് വന്നത്. നിവേദകൻ പറയുന്നു: അദ്ദേഹം നബി(സ)തിരുമേനിയേയും ഹദ്റത്ത് ഖദീജയേയും നമസ്കരിക്കുന്നതായി കണ്ടപ്പോൾ ചോദിച്ചു: മുഹമ്മദ്(സ)! ഇതെന്താണ്? നബി(സ)തിരുമേനി പറഞ്ഞു: 'ഇത് അല്ലാഹുവിന്റെ ദീനാകുന്നു. ഇത് അവൻ തനിക്കുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്നു. പ്രവാചകന്മാരെ ഇതുമായിട്ടാണ് അയച്ചിരുന്നത്. അതിനാൽ ഞാൻ നിന്നെ അല്ലാഹുവിലേക്കും അവന്റെ ആരാധനയിലേക്കും (വിഗ്രഹങ്ങളായ) ലാത്തിനേയും ഉസ്സയേയും നിരാകരിക്കുന്നതിനും ക്ഷണിക്കുകയാണ്. അപ്പോൾ നബി(സ)തിരുമേനിയോടു അലി പറഞ്ഞു: 'ഇക്കാര്യങ്ങൾ ഞാൻ ഇതിനു മുമ്പേ ഒരിക്കലും കേട്ടിട്ടില്ല. അബൂത്വാലിബിനോട് പറയാതെ ഇതേക്കുറിച്ച് എനിക്കൊന്നും പറയാൻ സാധ്യമല്ല.' നബി(സ) തിരുമേനി നുബുവ്വത്ത് വിളംബരം നടത്തുന്നതിന് മുമ്പേ പ്രസ്തുത രഹസ്യം വെളിപ്പെടുത്തുന്നത് ഇഷ്ടപ്പെട്ടില്ല. തുടർന്ന് നബി(സ) തിരുമേനി പറഞ്ഞു: 'അലി! ഇനി നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുന്നില്ലെങ്കിൽ ഇക്കാര്യം രഹസ്യമാക്കിവെക്കുക. അങ്ങനെ ഹദ്റത്ത് അലി രാത്രികഴിച്ചുകൂട്ടി. തുടർന്ന് അല്ലാഹു, ഹദ്റത്ത് അലിയുടെ ഹൃദയത്തിൽ ഇസ്‌ലാം പ്രവേശിപ്പിച്ചു. അടുത്ത പ്രഭാതത്തിൽ നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി പറഞ്ഞു: മുഹമ്മദ്! രാത്രി അങ്ങ് എന്നോട് എന്ത് കാര്യമാണ് പറഞ്ഞത്? നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നും നീ സാക്ഷ്യം വഹിക്കുകയും ലാത്ത, ഉസ്സ എന്നീ വിഗ്രഹങ്ങളെ നിഷേധിക്കുകയും അല്ലാഹുവിന് പങ്കുകാരെ ചേർക്കുന്നതിൽനിന്ന് പിന്മാറുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്യുക. ഹദ്റത്ത് അലി അങ്ങനെ ചെയ്യുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. ഹദ്റത്ത് അലി, അബൂത്വാലിബിനോടുള്ള ഭയംകാരണം ഒളിഞ്ഞുകൊണ്ടാണ് നബി(സ)തിരുമേനിയുടെ അടുക്കൽ വന്നിരുന്നത്. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചത് മറച്ചുവെച്ചു.(ഉസുദുൽഗാബ, വാല്യം 4,പേജ് 88 –89, അലി ബിൻ അബീ ത്വാലിബ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2003)

അദ്ദേഹം അവിടെ തന്നെയാണ് താമസിച്ചിരുന്നത്. ഏതായാലും നിവേദനങ്ങളിൽ ഇങ്ങനെയാണ് വന്നിട്ടുള്ളത്. ഇത് ഉസുദുൽഗാബയിലെ നിവേദനമാകുന്നു.

ഹദ്റത്ത് ഖദീജക്കുശേഷം ഏറ്റവുമാദ്യം ഇസ്‌ലാംസ്വീകരിച്ചത് ഹദ്റത്ത് അലി(റ) ആയിരുന്നു. ആ സമയത്ത്, ഹദ്റത്ത് അലിയുടെ പ്രായം 13 വയസായിരുന്നു. മറ്റുചില നിവേദനങ്ങളിൽ ഇതിൽ 15, 16, 18 എന്നിങ്ങനെയുള്ള പ്രായവും കാണപ്പെടുന്നു.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 3, പേജ് 200, ദിക്ർ അലി ബിൻ അബീത്വാലിബ്(റ), ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002)

ചരിത്ര രചയിതാക്കൾ, പുരുഷന്മാരിൽ നിന്ന് ആരാണ് ആദ്യം വിശ്വസിച്ചത്, ഹദ്റത്ത് അബൂബക്റാണോ, ഹദ്റത്ത് അലിയാണോ അതല്ല ഹദ്റത്ത് സയ്ദ് ആണോ എന്ന് ചർച്ച ചെയ്തിട്ടുണ്ട്. ചില ആളുകൾ ഈ പ്രശ്നത്തിന് പരിഹാരമായി, കുട്ടികളിൽ നിന്ന് അലിയും മുതിർന്നവരിൽനിന്ന് ഹദ്റത്ത് അബൂബക്റും അടിമകളിൽ നിന്ന് ഹദ്റത്ത് സയ്ദുമാണെന്ന് പറയുന്നു. ഇതു സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും തന്റെ വീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഹദ്റത്ത് ഖദീജക്കുശേഷം ഏറ്റവുമാദ്യം ആരാണ് വിശ്വസിച്ചത് എന്ന കാര്യത്തിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ട്. ചിലർ ഹദ്റത്ത് അബൂബക്ർ അബ്ദുല്ലാഹ് ബിൻ അബീ ഖുഹാഫയുടെ പേര് പറയുന്നു. ചിലർ അലിയാണെന്ന് പറയുന്നു. അദ്ദേഹത്തിന്റെ പ്രായം 10 വയസായിരുന്നു. മറ്റുചിലർ, നബി(സ) തിരുമേനി സ്വതന്ത്രനാക്കിയ അടിമ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയാണെന്ന് പറയുന്നു. അദ്ദേഹം, നബി(സ)തിരുമേനി കുട്ടികളെപ്പോലെ കൂടെതന്നെയാണ് താമസിച്ചിരുന്നത്. അദ്ദേഹം വിശ്വസിക്കുന്നതിന് നബി(സ)തിരുമേനി പറയേണ്ട കാര്യമേ ഉണ്ടായിരുന്നുള്ളൂ. മറിച്ച് ഏതെങ്കിലും വാചികമായ പ്രഖ്യാപനം അദ്ദേഹത്തിൽ നിന്ന് ആവശ്യമായിരുന്നില്ല. ആയതിനാൽ അദ്ദേഹത്തിന്റെ പേര് ഇതിനിടയിൽ കൊണ്ടുവരേണ്ട കാര്യമില്ല. അതായത് നബി(സ)തിരുമേനി പറയുന്നതും അദ്ദേഹത്തിന്റെ വിശ്വാസവും തമ്മിൽ ഒരുവിധ വ്യത്യാസവുമില്ല. അത് ഒന്നുതന്നെയാണ്. അതിന് ഏതെങ്കിലും തരത്തിലുള്ള വാചികമായ പ്രഖ്യാപനത്തിന്റെ കാര്യമില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ പേര് ഇതിന്നിടയിൽ കൊണ്ടുവരേണ്ടതില്ല. ഇനി ബാക്കിയുള്ളവരിൽ എല്ലാവരിലും ഹദ്റത്ത് അബൂബക്റാണ്പ്രഥമൻ എന്നത് സർവരാലും അംഗീകരിക്കപ്പെട്ടതാണ്. അദ്ദേഹമാണ് സാബിഖ് ബിൽ ഈമാൻ." (വിശ്വാസികളിൽപ്രഥമൻ). (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 121)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അല്ലാഹുവിനോട് ചോദിച്ചപ്പോൾ ഹദ്റത്ത് മൂസാ(അ)യ്ക്ക് ഒരു സഹായിയെകിട്ടി. എന്നാൽ, നബി(സ)തിരുമേനിയുടെ പ്രൗഢി നോക്കുക! നബി(സ)തിരുമേനിക്ക് ചോദിക്കാതെതന്നെ സഹായിയെകിട്ടി. ഇവിടെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്, (റ)ഹദ്റത്ത് ഖദീജയെ പരാമർശിക്കാനാണ് ആഗ്രഹിക്കുന്നത്. അദ്ദേഹം പറയുന്നു: ഹദ്റത്ത് ഖദീജ(റ), നബി(സ)തിരുമേനിയുടെ സഹായി ആയിരുന്നു. നോക്കുക! ദൈവിക പ്രൗഢി, നബി(സ)തിരുമേനിയ്ക്ക് ചോദിക്കാതെ തന്നെ സഹായിയെകിട്ടി. അതായത് നബി(സ) തിരുമേനിയെ ഏറെ സ്നേഹിച്ച തന്റെ ഭാര്യ, ഏറ്റവുമാദ്യം നബി(സ)തിരുമേനിയെ വിശ്വസിച്ചു. കാരണം ഓരോരുത്തരുടെയും മതവും വിശ്വാസവും സ്വതന്ത്രമാണ്. ആർക്കും ആരെയും ബലാൽക്കാരേണ അംഗീകരിപ്പിക്കാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ, നബി(സ)തിരുമേനി, ഹദ്റത്ത് ഖദീജയോട് അല്ലാഹുവിൽ നിന്നുള്ള ആദ്യവഹ്‌യെ സംബന്ധിച്ച് പരാമർശിച്ചപ്പോൾ നബി(സ)തിരുമേനിയോടൊപ്പം നിൽക്കാതെ താൻ ചിന്തിച്ച് എന്തെങ്കിലും തീരുമാനം എടുക്കാമെന്ന് പറയാമായിരുന്നു. എന്നാൽ, അങ്ങനെ ചെയ്തില്ല. ഹദ്റത്ത് ഖദീജ കാലവിളംബമില്ലാതെ, അമാന്തിക്കാതെ, മുൻപിൻ ആലോചിക്കാതെ നബി(സ)തിരുമേനിയുടെ വാദങ്ങളെ പിന്തുണച്ചു. ഖദീജ, തന്നിൽ വിശ്വസിക്കാതിരിക്കുമോ എന്ന നബി(സ)തിരുമേനിയുടെ ആശങ്ക ഇല്ലാതാകുകയും ചെയ്തു. ഏറ്റവുമാദ്യം വിശ്വസിച്ചത് ഹദ്റത്ത് ഖദീജയായിരുന്നു. അപ്പോൾ അല്ലാഹു അർശിൽ ഇരുന്ന് പറയുകയായിരുന്നു, അലയ്സല്ലാഹു ബി കാഫിൻ അബ് ദഹൂ മുഹമ്മദ്(സ)! നിനക്ക് ഖദീജയോട് സ്നേഹമുണ്ട്. അനുരക്തിയുണ്ട്. ഖദീജ നിന്നെ ഉപേക്ഷിക്കുമോ എന്ന് നിന്റെ മനസിൽ ആശങ്കയുണ്ടായിരുന്നു. ഖദീജ, നിന്നെ വിശ്വസിക്കുമോ എന്ന കാര്യത്തിൽ നിനക്ക് ചിന്തയുണ്ടായിരുന്നു. എന്നാൽ, നാം നിന്റെ ആവശ്യം പൂർത്തീകരിച്ചുതന്നില്ലേ? തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അതിനുശേഷം നബി(സ)തിരുമേനിയുടെ വീട്ടിൽ, അല്ലാഹുവിന്റെ വഹ്‌യെ കുറിച്ച് സംസാരം നടന്നു. അപ്പോൾ നബി(സ)തിരുമേനിയുടെ വീട്ടിലുണ്ടായിരുന്ന അടിമ സയ്ദ് ബിൻ ഹാരിഥ മുന്നോട്ടുവന്നു പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. തുടർന്ന് ഹദ്റത്ത് അലി, അപ്പോൾ അദ്ദേഹത്തിന് 11 വയസായിരുന്നുപ്രായം, നന്നേ കുട്ടിയായിരുന്നു. അദ്ദേഹം വാതിൽക്കൽ നിന്ന്,അതായത് നബി(സ)തിരുമേനിയും ഹദ്റത്ത്ഖദീജയും തമ്മിലുള്ള ഈ സംഭാഷണം കേൾക്കുന്നുണ്ടായിരുന്നു.അതു കേട്ടപ്പോൾ,അതായത്ദൈവികസന്ദേശംവന്നെന്ന് കേട്ടപ്പോൾ ചുറുചുറുക്കും ജാഗ്രതയുമുള്ള കൊച്ചുകുട്ടിയായിരുന്ന ഹസ്റത്ത് അലി, അദ്ദേഹത്തിന്റെ ഉള്ളിൽ നന്മയുണ്ടായിരുന്നു. നന്മയുടെ ആവേശം അലതല്ലിയിരുന്നു. പക്ഷേ, അതിന് വളരാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ സഹജാവബോധം ഉന്നതമായിരുന്നു. പക്ഷേ, അത് മനസ്സിനകത്ത് കൂടിക്കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ അല്ലാഹു സ്വീകാര്യതയുടെ ധാതു സനിക്ഷേപിച്ചിരുന്നു. പക്ഷേ, അതിന് ഇതുവരേയും അവസരങ്ങൾ ലഭിച്ചിരുന്നില്ല. തന്റെ വികാരങ്ങൾ ഉണരേണ്ട സമയം ഇപ്പോൾ സമാഗതമായെന്നും സഹജാവബോധം വളരേണ്ട ഘട്ടമാണെന്നും ഇപ്പോൾ അല്ലാഹുതന്നെ അവനിലേക്ക് വിളിക്കുകയാണെന്നും കണ്ട ഹദ്റത്ത് അലി കുട്ടിയായിരുന്നെങ്കിലും തന്റെ വേദനാനിർഭരമായ ഹൃത്തടവുമായി, ലജ്ജപൂർവം മുന്നോട്ടുവന്ന് പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ എളാമ വിശ്വസിച്ച കാര്യത്തിൽ, സയ്ദ് വിശ്വസിച്ച കാര്യത്തിൽ, ഞാനും വിശ്വാസം സ്വീകരിക്കുകയാണ്.(റസൂലെകരീം(സ) കി സിന്ദഗീ കെ തമാം അഹം വാഖിആത്ത്...അൻവാറുൽഉലൂം, വാല്യം 19, പേജ് 127–128)

താരീഖ് ത്വബ്‌രിയിൽ പറയുന്നു: 'നമസ്കാര

സമയമായാൽ നബി(സ)തിരുമേനി മക്കയിലെ താഴ്‌വാരങ്ങളിലേക്ക് പോകുമായിരുന്നു. നബി (സ)തിരുമേനിയുടെ പിതൃവ്യനായ അബൂത്വാലിബ്, മറ്റു പിതൃവ്യന്മാർ കൂടാതെ മുഴുവൻ സമൂഹത്തിൽനിന്നുമൊഴിഞ്ഞുമാറി, ഹദ്റത്ത് അലി, നബി(സ)തിരുമേനിയുടെ കൂടെ പോയിരുന്നു. രണ്ടുപേരും അവിടെ നമസ്കരിച്ച്, വൈകുന്നേരം തിരിച്ചുവരുമായിരുന്നു. ഈ പതിവ് ഇങ്ങനെതന്നെ തുടർന്നുപോന്നു. ഒരുദിവസം അബൂത്വാലിബ് അവർ രണ്ടുപേരും നമസ്കരിക്കുന്നത് കണ്ടപ്പോൾ നബി(സ)തിരുമേനിയോടു ചോദിച്ചു: എന്റെ സഹോദര പുത്രാ! നീ പിന്തുടരുന്ന ഈ മതം ഏതാണ്? നബി(സ)തിരുമേനി പറഞ്ഞു: 'പിതൃവ്യാ! ഇത് അല്ലാഹുവിന്റെ ദീനാകുന്നു. അവന്റെ മലക്കുകളുടെ ദീനാകുന്നു. അവന്റെ പ്രവാചകന്മാരുടെ ദീനാകുന്നു. നമ്മുടെ പിതാവ് ഹദ്റത്ത് ഇബ്റാഹീമിന്റെ ദീനാകുന്നു. അഥവാ ഇതുമായി യോജിച്ച കാര്യങ്ങളാണ് പറഞ്ഞത്. തുടർന്ന് പറഞ്ഞു: അല്ലാഹു ഇതുമായി എന്നെ ജനങ്ങളിലേക്ക് നിയോഗിച്ചിരിക്കുന്നു. പിതൃവ്യാ! ഇക്കാര്യം ആദ്യം ഉപദേശിക്കാനും സന്മാർഗത്തിലേക്ക് ക്ഷണിക്കാനും ഞാൻ ഏറ്റവുമധികം കടമപ്പെട്ടത് താങ്കളോടാകുന്നു. എന്നെ സ്വീകരിക്കാനും സഹായിക്കാനും ഏറ്റവുമധികം അർഹൻ താങ്കളാകുന്നു.' അഥവാ ഇത്തരത്തിലാണ് പറഞ്ഞത്. അപ്പോൾ അബൂത്വാലിബ് പറഞ്ഞു: 'എന്റെ സഹോദരപുത്രാ! എനിക്ക് ഞാൻ ഇപ്പോൾ നിലകൊള്ളുന്ന എന്റേയും എന്റെ പിതാക്കളുടെയും മതം ഉപേക്ഷിക്കാനുള്ള ശക്തിയില്ല. എന്നാൽ, അല്ലാഹുവാണ! ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം നിനക്ക് ഇഷ്ടപ്പെടാത്തതൊന്നും എന്നിൽനിന്നുണ്ടാകുന്നതല്ല.' (താരീഖുത്ത്വബ്‌രീ, ഭാഗം 2, പേജ് 225, പ്രസാധകർ ദാറുൽഫിക്ർ 2002)

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) ഈ സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു: 'ഒരിക്കൽ നബി(സ)തിരുമേനിയും ഹദ്റത്ത് അലിയും മക്കയിലെ ഒരു താഴ്‌വാരത്ത് നമസ്കരിച്ചു കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് അതിലെ അബൂത്വാലിബ് കടന്നു പോകാനിടയായി. അബൂത്വാലിബിന് ഇസ്‌ലാമിനെ സംബന്ധിച്ച് ഒരു അറിയിപ്പുമില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം അവിടെ നിന്ന് ഈ കാഴ്ചകളെല്ലാം വളരെ കൗതുകത്തോടെ നോക്കി. അങ്ങനെ നബി(സ)തിരുമേനി നമസ്കാരം പൂർത്തിയാക്കിയപ്പോൾ അദ്ദേഹം ചോദിച്ചു: 'സഹോദര പുത്രാ! ഇത് ഏത് ദീനാണ് നീ സ്വീകരിച്ചിരിക്കുന്നത്? നബി(സ)തിരുമേനി പറഞ്ഞു: 'പിതൃവ്യാ! ഇത് ഇലാഹിന്റെ ദീനാകുന്നു. ഇബ്റാഹീമിന്റെ ദീനാകുന്നു.' അങ്ങനെ നബി (സ)തിരുമേനി ചുരുങ്ങിയ നിലയിൽ അബൂത്വാലിബിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. എന്നാൽ, അബൂത്വാലിബ് തന്റെ പൂർവ പിതാക്കളുടെ മതം ഉപേക്ഷിക്കാൻ തനിക്കു സാധ്യമല്ലെന്ന് പറഞ്ഞ് അത് നിരാകരിക്കുകയാണുണ്ടായത്. അതോടൊപ്പം തന്റെ മകൻ ഹദ്റത്ത് അലിയെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'മകനേ! നീ തീർച്ചയായും നബി(സ)തിരുമേനിയുടെ കൂടെ നിൽക്കുക. കാരണം നബി(സ)തിരുമേനി നിന്നെ നന്മയിലേക്കല്ലാതെ നയിക്കുന്നതല്ല.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) പേജ് 127)

അല്ലാഹുവിന്റെ കൽപന അനുസരിച്ച് നബി (സ)തിരുമേനി തന്റെ ഉറ്റ ബന്ധുക്കൾക്ക് മുന്നറിയിപ്പ് നൽകിയത് സംബന്ധിച്ച് ഒരിടത്ത് ഇങ്ങനെ വിവരിക്കുന്നു: 'ഹദ്റത്ത് ബറാഅ് ബിൻ ആസിബ് നിവേദനം. നബി(സ)തിരുമേനിക്ക്,*വ അൻദിർ അശീറത്തക്കൽ അഖ്റബീൻ*(26:215) നീ നിന്റെ കുടുംബക്കാർക്ക് അതായത് അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പ് നൽകുക എന്ന ആയത്ത് ഇറങ്ങിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അലീ! നീ ഒരു സ്വാഅ് ഭക്ഷണത്തോടൊപ്പം ആടിന്റെ തുടയും പാകംചെയ്യുക. മറ്റൊരു നിവേദനത്തിൽ ഒരു സ്വാഅ് എന്നതിനുപകരം മുദ്ദ് എന്ന പദമാണ് വന്നിരിക്കുന്നത്. ഒരു സ്വാഅ് എന്നാൽ നാലു മുദ്ദാകുന്നു. അതായത് 2.5 സേർ അളവിൽകുറവ്. അല്ലെങ്കിൽ 2.5 കിലോ എന്നു പറയാം. കൂഫയിലും ഇറഖിലും സ്വാഅ് 8 മുദ്ദാണെന്ന് ഇവിടെഎഴുതിയിരിക്കുന്നു. അതായത് നാലോ നാലരയോ സേർ ആയിരിക്കാം. ഏതായിരുന്നാലും അത് 2.5 സേർ ആണെങ്കിലും 4 സേർ ആണെങ്കിലും വളരെ കുറഞ്ഞ അളവിലാണ് തയ്യാറാക്കിയത്. കുടുംബക്കാർക്ക് ഭക്ഷണം കൊടുക്കാനായിരുന്നു അതേർപാടാക്കിയിരുന്നത്. നമുക്കുവേണ്ടി ഒരു വലിയ പാത്രം പാൽതയ്യാറാക്കുക. പിന്നെ ബനൂ അബ്ദുൽമുത്വലിബിനെ വിളിച്ചുകൂട്ടുക.

ഹദ്റത്ത് അലി(റ) പറയുന്നു: അങ്ങനെ തന്നെ ചെയ്യുകയുണ്ടായി. എല്ലാവരും വന്നു. അവർ 40 പേരുണ്ടായിരുന്നു. ഒന്നോ ഒറ്റയോ കുറവോ കൂടുതലോ ഉണ്ടായിരിക്കാം. അവരിൽ നബി (സ)തിരുമേനിയുടെ പിതൃവ്യനായ അബൂത്വാലിബ്, ഹംസ, അബ്ബാസ്, അബൂലഹബ് എന്നിവരുമുണ്ടായിരുന്നു. ഞാൻ അവരുടെ മുമ്പിൽ ഭക്ഷണത്തിന്റെ വലിയ തളിക കൊണ്ടു വന്നു വെച്ചു. അപ്പോൾ നബി(സ)തിരുമേനി അതിൽ നിന്ന് ഇറച്ചിയുടെ ഒരു കഷണം എടുത്തു പല്ലുകൊണ്ട് അതുമുറിച്ചു. തുടർന്ന് അനുഗ്രഹം നൽകുന്നതിന് പാത്രത്തിന്റെ വിവിധഭാഗങ്ങളിൽ അത് വിതറി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ നാമത്തിൽ കഴിച്ചു തുടങ്ങുവിൻ!' എല്ലാവരും വയറുനിറയെ കഴിച്ചു. എന്നാൽ, അല്ലാഹുവാണ! ഞാൻ എല്ലാവർക്കുമായി കൊണ്ടുവന്ന ഭക്ഷണം വാസ്തവത്തിൽ ഒരാൾക്ക് കഴിക്കാനുള്ള മാത്രമെ ഉണ്ടായിരുന്നുള്ളൂ. പിന്നെ നബി(സ)തിരുമേനി പറഞ്ഞു: 'ഇവർക്കെല്ലാവർക്കും കുടിക്കാനും കൊടുക്കുക! അങ്ങനെ ഞാൻ പാൽപാത്രം കൊണ്ടുവന്നു. അവർ അതെല്ലാം വയറുനിറയെ കുടിക്കുകയും ചെയ്തു. അല്ലാഹുവാണ! വാസ്തവത്തിൽ അതിൽ ഒരാൾക്ക് കുടിക്കാനുള്ള പാലുമാത്രമെ ഉണ്ടായിരുന്നുള്ളൂ. തുടർന്ന് നബി (സ)തിരുമേനി വന്നവരോട് കുറച്ചുകാര്യങ്ങൾ പറയാൻ ആഗ്രഹിച്ചു. അപ്പോൾ അബൂലഹബ് ഉടനെ പറഞ്ഞു: 'കണ്ടില്ലേ! നിങ്ങളുടെ കൂട്ടുകാരൻ നിങ്ങൾക്കുമേൽ ജാലവിദ്യ ചെയ്തത്. അങ്ങനെ അവരെല്ലാവരും പിരിഞ്ഞു പോയി. നബി(സ)തിരുമേനിക്ക് അവരോട് സംസാരിക്കാൻ കഴിഞ്ഞില്ല. അടുത്ത ദിവസം നബി(സ) തിരുമേനി പറഞ്ഞു: അലി! ഇന്നലെ തയ്യാറാക്കിയതുപോലെ ഭക്ഷണവും പാനീയവും ഇന്നും തയ്യാറാക്കുക. ഞാൻ അങ്ങനെ തന്നെ ചെയ്തു. തുടർന്ന് ഞാൻ ജനങ്ങളെ ഒരുമിച്ചുകൂട്ടി. തലേന്ന് ചെയ്തതുപോലെതന്നെ നബി(സ)തിരുമേനി ചെയ്തു. അതായത് ഭക്ഷണത്തിൽ തന്റെ അനുഗ്രഹം പകർന്നു. തുടർന്ന് വന്നവരെല്ലാം മതിയാവോളം കഴിച്ചു. ശേഷം നബി(സ)തിരുമേനി പറഞ്ഞനെക്കാൾ ഉത്തമമായ കാര്യവുമായി നിങ്ങളുടെ അടുക്കൽ വന്ന ഒരു യുവാവിനെ കുറിച്ചും എനിക്കറിയില്ല. ഞാൻ നിങ്ങൾക്ക് ഇഹപരലോകത്തിന്റെ കാര്യങ്ങളുമായിട്ടാണ് വന്നിരിക്കുന്നത്. തുടർന്ന് പറഞ്ഞു: ഇക്കാര്യത്തിൽ എന്നെ സഹായിക്കാൻ ആരുണ്ട്? ഹദ്റത്ത് അലി പറയുന്നു: 'എല്ലാവരും നിശബ്ദരായിരുന്നു. ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ ഇവരിൽ ഏറ്റവും ചെറിയവനാണെങ്കിലും ഞാൻ അങ്ങയെ സഹായിക്കുന്നതാണ്.'(സുബുലുൽഹുദാ വർറശാദ് വാല്യം 2, പേജ് 324, ഫീ അംരില്ലാഹി സുബ്ഹാനഹൂതആലാ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(ലുഗാത്തുൽ ഹദീഥ്, വാല്യം 2, പേജ് 648, 'സ്വാഅ്' എന്ന പദം)

സീറത്തു ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ ഈ സംഭവം ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) ഇങ്ങനെ എഴുതിയിരിക്കുന്നു: നബി(സ)തിരുമേനി ഹദ്റത്ത് അലിയോട് പറഞ്ഞു: 'ഒരു ഭക്ഷണത്തിന് (സദ്യക്ക്) ഏർപ്പാടു ചെയ്യുക. അതിൽ അബ്ദുൽമുത്വലിബിന്റെ മക്കളെ ക്ഷണിക്കേണ്ടതാണ്. അങ്ങനെ അതു മുഖേന അവർക്ക് സത്യസന്ദേശം എത്തിക്കാൻ കഴിയുന്നതാണ്.' ഹദ്റത്ത് അലി(റ) ഭക്ഷണത്തിനുള്ള ഏർപ്പാട്ചെയ്തു. നബി(സ)തിരുമേനി തന്റെ ഏറ്റവും അടുത്ത ബന്ധുക്കളെ, അവർ ഏറെക്കുറെ 40 പേരുണ്ടായിരുന്നു, ഈ ഭക്ഷണത്തിന് വിളിച്ചിരുന്നു. അവർ ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി അവരോടു അല്പം സംസാരിക്കാൻ ആഗ്രഹിച്ചു. എന്നാൽ, ദുഷ്ടനായ അബൂലഹബ് അനാവശ്യമായ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ആളുകളെല്ലാം പിരിഞ്ഞുപോയി. അപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് അലിയോട് പറഞ്ഞു: 'ഈ സന്ദർഭം നഷ്ടപ്പെട്ടിരിക്കുന്നു. വീണ്ടും ഭക്ഷണത്തിന് ഏർപ്പാട് ചെയ്യുക. അങ്ങനെ നബി(സ) തിരുമേനിയുടെ കുടുംബക്കാർ വീണ്ടും ഒത്തുകൂടി. അവരെ സംബോധന ചെയ്തുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: അല്ലയോ ബനൂ അബ്ദുൽമുത്വലിബ്! ഞാൻ നിങ്ങളുടെ പക്കൽ കൊണ്ടുവന്നിരിക്കുന്നതിനെക്കാളും ഉത്തമമായ കാര്യം, ആരും തങ്ങളുടെ ഗോത്രത്തിലേക്ക് കൊണ്ടുവന്നിട്ടില്ല. ഞാൻ നിങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു. നിങ്ങൾ എന്റെ കാര്യം അംഗീകരിക്കുകയാണെങ്കിൽ, നിങ്ങൾ ഇഹപരലോകങ്ങളുടെ ഏറ്റവും നല്ല അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നതാണ്. ഇനി പറയുക, ആരാണ് ഇക്കാര്യത്തിൽ എന്നെ സഹായിക്കാൻ തയ്യാറായിട്ടുള്ളത്? എല്ലാവരും നിശബ്ദരായിരുന്നു. എങ്ങും നിശബ്ദതയായിരുന്നു. പെട്ടെന്ന് ഒരു ഭാഗത്തുനിന്ന് 13 വയസുള്ള മെലിഞ്ഞ ഒരു കുട്ടി, അവന്റെ കണ്ണിൽനിന്ന് അശ്രു പൊഴിയുന്നുണ്ടായിരുന്നു. എഴുന്നേറ്റുനിന്ന് ഇങ്ങനെ പറഞ്ഞു: 'ഞാൻ ഏറ്റവും ദുർബലനും ചെറിയവനും ആകുന്നു. പക്ഷേ, ഞാൻ അങ്ങയോടൊപ്പം നിലകൊള്ളുന്നതാണ്. ഇത് ഹദ്റത്ത് അലിയുടെ ശബ്ദമായിരുന്നു. നബി(സ)തിരുമേനി, ഹദ്റത്ത് അലിയുടെ ഈ വാക്കുകൾകേട്ടപ്പോൾ ബന്ധുക്കളെ നോക്കിക്കൊണ്ട് പറഞ്ഞു: 'നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ ഈ കുട്ടിയുടെ വാക്കുകൾ ശ്രദ്ധിക്കുകയും അംഗീകരിക്കുകയും ചെയ്യുവിൻ!' കൂടെയിരുന്നവർ ഈ കാഴ്ച കണ്ടപ്പോൾ അതിൽ നിന്ന് പാഠമുൾക്കൊള്ളുന്നതിനുപകരം, എല്ലാവരും പൊട്ടിച്ചിരിക്കുകയാണ് ചെയ്തത്. അബൂലഹബ് തന്റെ മൂത്ത സഹോദരനോട് പറഞ്ഞു: 'ഇപ്പോൾ മുഹമ്മദ് നിങ്ങളുടെ മകനെ പിന്തുടരാനാണ് കൽപ്പിക്കുന്നത്.' തുടർന്ന് അവരെല്ലാവരും ഇസ്‌ലാമിന്റെയും നബി(സ)തിരുമേനിയുടേയും നിസ്സഹായാവസ്ഥയെ പരിഹസിച്ചുകൊണ്ട് പിരിഞ്ഞുപോയി.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) പേജ് 128-129)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം ഇങ്ങനെ അനുസ്മരിക്കുന്നു: 'ഹദ്റത്ത് അലിയുടെ സംഭവമാണ്. അദ്ദേഹത്തിന് പതിനൊന്ന്‌വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. കുട്ടികൾ ശ്രദ്ധിച്ചു കേൾക്കേണ്ടതാണ്. അന്ന് അദ്ദേഹം ദീനീസേവനത്തിന് തയ്യാറായി. നബി(സ)തിരുമേനിക്ക് വഹ്‌യ് ഇറങ്ങിയപ്പോൾ അവിടന്ന് ഒരു സദ്യക്ക് ഏർപ്പാടുചെയ്തു. അതിൽ മക്കയിലെ എല്ലാ വലിയ വലിയ നേതാക്കളെയും വിളിച്ചിരുന്നു. അവർക്ക് ഭക്ഷണം കൊടുത്തു. തുടർന്ന് എഴുന്നേറ്റുനിന്ന് പറഞ്ഞു: 'ഞാനെന്റെ വാദഗതികളെ സംബന്ധിച്ച് അല്പം പ

റയാൻ ആഗ്രഹിക്കുന്നു. അതുകേട്ടപ്പോൾ എല്ലാവരും എഴുന്നേറ്റു ഓടിപ്പോയി. ഇത് കണ്ടപ്പോൾ ഹദ്റത്ത് അലി, നബി(സ)തിരുമേനിയുടെ അടുക്കൽവന്നു പറഞ്ഞു: 'സഹോദരാ! താങ്കൾ ഇതെന്താണ് ചെയ്തത്? ഭൗതികരായ ഈ ആളുകൾക്ക് ആദ്യം കാര്യങ്ങൾ കേൾപ്പിക്കണമായിരുന്നു. ഈ വിശ്വാസമില്ലാത്ത ആളുകൾ ഭക്ഷണം കഴിച്ച് വേഗംപോയില്ലേ? കാരണം അവർ ഭക്ഷണത്തോട് ആർത്തിയുള്ളവരാണ്. താങ്കൾ തുടക്കത്തിലാണ് കേൾപ്പിച്ചിരുന്നതെങ്കിൽ 2 മണിക്കൂറാണെങ്കിലും അവർ തീർച്ചയായും ഇരിക്കുമായിരുന്നു. പിന്നെ അവർക്ക് ഭക്ഷണം കൊടുത്താൽ മതിയായിരുന്നു. തുടർന്ന് നബി(സ)തിരുമേന അങ്ങനെ തന്നെ ചെയ്തു. വീണ്ടും അവരെ വിളിച്ചുകൂട്ടി. ഭക്ഷണത്തിന് ഏർപ്പാടുചെയ്തു. എന്നാൽ, ആദ്യം കുറച്ചുകാര്യങ്ങൾ കേൾപ്പിച്ചശേഷം പിന്നീടാണ് ഭക്ഷണംകൊടുത്തത്. തുടർന്ന് നബി(സ)തിരുമേനിഎഴുന്നേറ്റുനിന്ന് അവരോട് പറഞ്ഞു: 'ജനങ്ങളേ! ഞാൻ നിങ്ങൾക്ക് ദൈവികകാര്യങ്ങളാണ് പറഞ്ഞുതന്നത്. എന്നെ സഹായിക്കാൻ നിങ്ങളിലാരെങ്കിലുമുണ്ടോ? ഇക്കാര്യങ്ങളിൽ എന്നോടൊപ്പം ഇപ്പോൾ ഭാഗഭാക്കാകാൻ ആരെങ്കിലും തയ്യാറുണ്ടോ?' മക്കയിലെ എല്ലാ വലിയ ആളുകളും ഇരിക്കുന്നുണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് അലി(റ) മാത്രം എഴുന്നേറ്റുനിന്നു പറഞ്ഞു: 'എന്റെ പിതൃവ്യ പുത്രാ! ഞാൻ താങ്കളെ സഹായിക്കാൻ സന്നദ്ധനാണ്. ഇത് കുട്ടിയല്ലേ എന്ന്കരുതി തിരുനബി(സ) വീണ്ടും എഴുന്നേറ്റുനിന്നു പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും എന്നെ സഹായിക്കാൻ തയ്യാറുണ്ടോ? എന്നാൽ എല്ലാമുതിർന്ന ആളുകളും നിശബ്ദരായിരുന്നു. ആ 11 വയസുകാരൻ എഴുന്നേറ്റുനിന്നു പറഞ്ഞു: എന്റെ പിതൃവ്യ പുത്രാ! ഞാൻ അങ്ങയെ സഹായിക്കാൻ സന്നദ്ധനാണ്. തുടർന്ന് അല്ലാഹുവിന്റെ പക്കൽ ഈ 11 വയസ്സുള്ള കുട്ടിയാണ് യഥാർഥ യുവാവെന്നും മറ്റു മുതിർന്നവർ എല്ലാം ശൈശവദശയിലാണെന്നും അവർ അശക്തരാണെന്നും ഈ കുട്ടിയാണ് ബുദ്ധിമാനെന്നും നബി(സ)തിരുമേനി മനസിലാക്കി. അങ്ങനെ നബി(സ)തിരുമേനി അദ്ദേഹത്തെ തന്റെകൂടെകൂട്ടി. തുടർന്ന് ഈ അലി, അവസാനംവരെയും നബി(സ)തിരുമേനിയോടൊപ്പം നിന്നു. നബി(സ)തിരുമേനിക്കു ശേഷം ഖലീഫയുമായി. ദീനിന് അടിത്തറപാകി. അതുപോലെതന്നെ അദ്ദേഹത്തിന്റെ തലമുറയേയും അല്ലാഹു സുകൃതവാന്മാരാക്കി. 12 തലമുറകളിലായി 12 ഇമാമുമാർ ഉയിർകൊണ്ടു.(ഇഫ്തിതാഹി തഖരീർ ജൽസാസാലാന 1955, അൻവാറുൽ ഉലൂം, വാല്യം 25, പേജ് 187–188)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് ഹദ്റത്ത് അലിയെ പരാമർശിച്ചുകൊണ്ട് പറയുന്നു: 'ഹദ്റത്ത് അലി സത്യവിശ്വാസം സ്വീകരിച്ച സമയത്ത് കുട്ടിയായിരുന്നു. തനിക്ക് ഇസ്‌ലാമിനുവേണ്ടി എല്ലാ പ്രയാസങ്ങളും സഹിക്കേണ്ടിവരുമെന്ന് മനസിലാക്കിക്കൊണ്ടുതന്നെയാണ് അദ്ദേഹം സത്യവിശ്വാസം സ്വീകരിച്ചത്. കുട്ടിയായിരുന്നു. പക്ഷേ, ത്യാഗങ്ങൾ ചെയ്യേണ്ടിവരുമെന്നും ജീവൻ ത്യജിക്കേണ്ടി വന്നാൽ ജീവനും ദൈവമാർഗത്തിൽ സമർപ്പിക്കേണ്ടി വരുമെന്നും അറിഞ്ഞുകൊണ്ടുതന്നെയാണ് സത്യവിശ്വാസം സ്വീകരിച്ചത്. ഹദീഥുകളിൽ പറയുന്നു: നബി(സ)തിരുമേനി തന്റെ പ്രവാചകത്വത്തിന്റെ പ്രാരംഭത്തിൽ ഒരു സദ്യയ്ക്ക് വേദി ഒരുക്കി അബ്ദുൽ മുത്വലിബിന്റെ ആളുകളെ അവർക്ക് സത്യസന്ദേശം എത്തിക്കുന്നതിനു വേണ്ടി ക്ഷണിച്ചിരുന്നു. അങ്ങനെ നബി(സ) തിരുമേനിയുടെ നിരവധി ബന്ധുക്കൾ ആ സദ്യയിൽ പങ്കെടുത്തു. എല്ലാവരും ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി എഴുന്നേറ്റ് ഒരു പ്രസംഗം നടത്താൻ ആഗ്രഹിച്ചു. എന്നാൽ, അബൂലഹബ് എല്ലാവരേയും പിരിച്ചയച്ചു. അവർ നബി(സ)തിരുമേനി പറയുന്ന കാര്യങ്ങൾ കേൾക്കാതെതന്നെ വീടുകളിലേക്ക് മടങ്ങിപ്പോയി. ഭക്ഷണം കഴിച്ചിട്ടും അവർ കേൾക്കാതെ പോയതിൽ നബി(സ)തിരുമേനി അത്ഭുതപ്പെട്ടു. പക്ഷേ, അവിടന്ന് നിരാശനായില്ല. മറിച്ച്, നബി(സ)തിരുമേനി ഹദ്റത്ത് അലിയോട് വീണ്ടും അവർക്ക് ഭക്ഷണത്തിന് ഏർപ്പാട് ചെയ്യാൻ പറഞ്ഞു. അങ്ങനെ വീണ്ടും അവരെ ഭക്ഷണത്തിനു ക്ഷണിച്ചു. അവർ സംതൃപ്തരായി ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോൾ നബി(സ)തിരുമേനി എഴുന്നേറ്റുനിന്ന് പറഞ്ഞു: നോക്കുക! അല്ലാഹുതന്റെ നബിയെ നിങ്ങളിലേക്ക് അയച്ചത് അവന്റെ വലിയ ഔദാര്യമാകുന്നു. ഞാൻ നിങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു. നിങ്ങൾ ഞാൻ പറയുന്നത് അംഗീകരിച്ചാൽ ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളുടെ അവകാശികളാകുന്നതാണ്. ഇക്കാര്യത്തിൽ എന്നെ സഹായിക്കാൻ നിങ്ങളിലാരെങ്കിലും തയ്യാറുണ്ടോ? ഇതുകേട്ടപ്പോൾ സദസ്സ് മുഴുവനും നിശബ്ദമായി. എന്നാൽ, ഉടൻതന്നെ ഒരു മൂലയിൽനിന്ന് ഒരു ചെറിയകുട്ടി എഴുന്നേറ്റിട്ട് പറഞ്ഞു: ഞാൻ ഒരു ദുർബലനായ വ്യക്തിയാണ്. പ്രായത്തിൽ ഏറ്റവും കുറവുമാണ്. എന്നാൽ, ഞാൻ അങ്ങയെ സഹായിക്കുന്നതാണ്. ഈ കുട്ടി ഹദ്റത്ത് അലിയായിരുന്നു. അദ്ദേഹമാണ് ആ സമയത്ത് ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ട് വിളംബരം നടത്തിയത്.(തഫ്സീറെ കബീർ, വാല്യം 7, പേജ് 24–25)

നബി(സ)തിരുമേനിയുടെ ഹിജ്റത്ത് വേളയിൽ ഹദ്റത്ത്അലിയുടെ ത്യാഗത്തെ സംബന്ധിച്ച വിവരണമുണ്ട്. മക്കക്കാർ കൂടിയാലോചനയ്ക്കുശേഷം നബി(സ)തിരുമേനിയുടെ വീട് ആക്രമിച്ച് ആ മഹാത്മാവിനെ ബന്ധനസ്ഥനാക്കാൻ അല്ലെങ്കിൽ വധിക്കാൻ പദ്ധതി തയ്യാറാക്കി. അപ്പോൾ ദൈവിക വെളിപ്പാടുമുഖേന ശത്രുക്കളുടെ പദ്ധതിയെപ്പറ്റി നബി(സ)തിരുമേനിക്ക് അറിയിപ്പ് ലഭിച്ചു. അല്ലാഹു, നബി(സ)തിരുമേനിക്ക് മദീനയിൽ ഹിജ്റത്ത് ചെയ്യാൻ അനുമതി നൽകിയത് പ്രകാരം അവിടന്ന് ഹിജ്റത്തിന് തയ്യാറെടുപ്പ് നടത്തി. ഹദ്റത്ത് അലിയോട് അന്ന് രാത്രി, നബി(സ)തിരുമേനിയുടെ കിടക്കയിൽ കിടന്നുറങ്ങാൻ നിർദ്ദേശിച്ചു. ഹദ്റത്ത് അലി നബി(സ)തിരുമേനി ഉറങ്ങാറുണ്ടായിരുന്ന ചെമന്ന ഹദ്റമീ പുതപ്പ് പുതച്ച് രാത്രികഴിച്ചുകൂട്ടി. (അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 1, പേജ് 176, ദിക്റു ഖുറൂജ് റസൂലല്ലാഹി(സ), ദാറുൽകുതുബു ൽ ഇൽമിയ്യ ബെയ്റൂത്ത് 1990)

നബി(സ)തിരുമേനിയെ പിടിക്കാൻ തക്കം പാർത്തിരുന്ന ബഹുദൈവാരാധകരുടെ സംഘം രാവിലെ നേരത്ത് നബി(സ)തിരുമേനിയുടെ വീട്ടിൽ പ്രവേശിച്ചു. ഹദ്റത്ത് അലി കിടക്കയിൽനിന്നെഴുന്നേറ്റു. ഹദ്റത്ത് അലിയുടെ അടുത്തെത്തിയപ്പോൾ അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. അദ്ദേഹത്തോട് ചോദിച്ചു: 'നിന്റെ സുഹൃത്തെവിടെ?' നബി(സ)തിരുമേനിയെ സംബന്ധിച്ച് ചോദിച്ചപ്പോൾ പറഞ്ഞു: 'എനിക്കറിയില്ല. ഞാൻ നബി(സ)തിരുമേനിയുടെ മേൽനോട്ടക്കാരനുമല്ല. നിങ്ങൾ അദ്ദേഹത്തോട് മക്കയിൽ നിന്ന് പുറത്തുപോകാൻ പറഞ്ഞു. അതുകൊണ്ട് അദ്ദേഹം പോയി. ബഹുദൈവാരാധകർ അദ്ദേഹത്തെ ശകാരിക്കുകയും മർദ്ദിക്കുകയും ചെയ്തു. കഅ്ബയിൽ കൊണ്ടുപോയി കുറച്ചു നേരം ബന്ധനസ്ഥനാക്കിവെച്ചശേഷം വിട്ടയച്ചു.(താരീഖുത്ത്വബ്‌രീ, ഭാഗം 2, പേജ് 256, പ്രസാധകർ ദാറുൽഫിക്ർ ബെയ്റൂത്ത് 2002)

മറ്റൊരു ചരിത്രഗ്രന്ഥത്തിൽ പറയുന്നു: (താരീഖുത്ത്വബ്‌രീ, ഭാഗം 2, പേജ് 225, പ്രസാധകർ ദാറുൽഫിക്ർ 2002)യുടെ നിർദേശപ്രകാരം, ഹദ്റത്ത് അലി, മക്കക്കാരുടെ സൂക്ഷിപ്പ് മുതലുകൾ മൂന്നുദിവസത്തിനകം തിരിച്ചുകൊടുത്തശേഷം ഹിജ്റത്ത് ചെയ്ത് നബി(സ)തിരുമേനിയുടെ അടുക്കലെത്തി. ഖുബായിൽ കുൽഥൂം ബിൻ ഹദമിന്റെ വീട്ടിൽ നബി(സ)തിരുമേനിയുടെ കൂടെതാമസിച്ചു.(അസ്സീറത്തുന്നബവിയ്യ, ലിഇബ്നി ഹിശാം, പേജ് 348, ദാറുൽഫിക്ർ 2002)

ഹിജ്റത്ത് വേളയിലെ ഈ സംഭവം സീറത്തു ഖാത്തമുന്നബിയ്യീനിൽ ഇങ്ങനെ വിവരിക്കുന്നു: രാത്രിയുടെ അന്ധകാര നിബിഢമായ സമയമായിരുന്നു. വിവിധ ഗോത്രക്കാരായ, അക്രമികളായ ഖുറയ്ശികൾ രക്തച്ചൊരിച്ചിൽ ലക്ഷ്യംവച്ചു നബി(സ)തിരുമേനിയുടെ വീടുവളഞ്ഞു. നേരം വെളുത്താൽ അല്ലെങ്കിൽ നബി(സ)തിരുമേനി വീട്ടിൽനിന്ന് പുറത്തിറങ്ങുന്ന നേരത്ത് മിന്നൽ ആക്രമണം നടത്തി വധിക്കാൻ അവർ കാത്തിരിക്കുകയായിരുന്നു. നബി(സ)തിരുമേനിയുടെ പക്കൽ ചില നിഷേധികളുടെ സൂക്ഷിപ്പ്മുതൽ ഉണ്ടായിരുന്നു. ശക്തമായ എതിർപ്പുണ്ടായിട്ടും നബി(സ)തിരുമേനിയുടെ സത്യസന്ധതയും വിശ്വസ്തതയും കാരണം അധികമാളുകളും തങ്ങളുടെ സൂക്ഷിപ്പു മുതലുകൾ നബി(സ)തിരുമേനിയെയാണ് ഏൽപ്പിച്ചിരുന്നത്. അതുകൊണ്ട് നബി(സ)തിരുമേനി ഹദ്റത്ത് അലിക്ക് സൂക്ഷിപ്പ് മുതലുകളുടെ കണക്കുകൾ പറഞ്ഞുകൊടുക്കുകയും പ്രസ്തുത അമാനത്ത് മുതലുകൾ തിരിച്ചുകൊടുക്കാതെ മക്കയിൽനിന്ന് പുറപ്പെടരുതെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർന്ന് നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ എന്റെ കിടക്കയിൽ കിടക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് ഒന്നുംസംഭവിക്കില്ലെന്ന് സാന്തനപ്പെടുത്തുകയും ചെയ്തു. അദ്ദേഹം കിടന്നു. നബി(സ)തിരുമേനി തന്റെ ചെമന്ന പുതപ്പ് അദ്ദേഹത്തിനുമേൽ പുതച്ചുകൊടുക്കുകയും ചെയ്തു. തുടർന്ന് നബി(സ)തിരുമേനി ദൈവനാമത്തിൽ വീട്ടിൽനിന്നിറങ്ങി. ആ സമയത്ത് വീട് വളഞ്ഞവർ, നബി(സ)തിരുമേനിയുടെ കവാടത്തിൽ ഉണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനി രാത്രിയുടെ ഈ ആദ്യയാമത്തിൽതന്നെ പുറത്തേക്ക് പോകുമെന്ന് അവർ ധരിച്ചില്ല. അവർ എത്രമാത്രം അശ്രദ്ധരായിരുന്നുവെന്നാൽ നബി(സ)തിരുമേനി അവരുടെതലയിൽ പൊടി വിതറിക്കൊണ്ട് അതായത് ശത്രുക്കളുടെ കണ്ണിൽ പൊടിയിട്ടുകൊണ്ട് അവർക്കിടയിലൂടെ പുറത്തേക്കുപോയി. അവർക്ക് തിരിച്ചറിയാൻ പോലുംകഴിഞ്ഞില്ല. നബി(സ)തിരുമേനി നിശബ്ദനായി, എന്നാൽ, വേഗംവേഗം മക്കയുടെ ഇടവഴിയിലൂടെ പോകുകയായിരുന്നു. കുറഞ്ഞ സമയം കൊണ്ട് ജനവാസമേഖലയിൽനിന്ന് പുറത്തെത്തി. അങ്ങനെ സൗർഗുഹയിലേക്ക് നീങ്ങി. ഹദ്റത്ത് അബൂബക്റുമായി നേരത്തെതന്നെ എല്ലാ കാര്യങ്ങളും തീരുമാനിച്ചിരുന്നു. അദ്ദേഹവും വഴിയിൽ ഒന്നിച്ചുകൂടി. ഈ സംഭവം കാരണം ഥൗർഗുഹ ഇസ്‌ലാമിൽ പരിശുദ്ധ സ്മരണികയായി എണ്ണപ്പെടുന്നു. അത് മക്കയിൽനിന്ന് തെക്ക്, അതായത് മദീനയിൽ നിന്ന് വിവിധ വശങ്ങളിൽനിന്ന് മൂന്നുമൈൽദൂരം കൃഷിക്ക് അനുയോജ്യമല്ലാത്തതും ജനവാസമില്ലാത്തതുമായ മലയുടെ മുകളിലെ പ്രത്യേക ശിഖരത്തിലാണ് സ്ഥിതിചെയ്യുന്നത്, അതിലേക്കുള്ള വഴിയും വളരെ ദുർഘടമാകുന്നു. മദീനയിലേക്കല്ല, മറിച്ച് വിവിധദിക്കുകളിൽ നിന്നാണ്. അവിടെയെത്തി ആദ്യം ഹദ്റത്ത് അബൂബക്ർ അകത്തു കടന്നു വൃത്തിയാക്കി. തുടർന്ന് നബി(സ)തിരുമേനിയും അകത്തേക്ക് പ്രവേശിച്ചു. മറുഭാഗത്ത്, നബി(സ)തിരുമേനിയുടെ വീടു വളഞ്ഞിരുന്ന ഖുറയ്ശികൾ ഇടയ്ക്കിടെ നബി(സ) തിരുമേനിയുടെ വീട്ടിലേക്ക് എത്തിനോക്കുകയും ഹദ്റത്ത് അലിയെ നബി(സ)തിരുമേനിയുടെ

സ്ഥാനത്ത് കിടക്കുന്നത് കണ്ട് തെറ്റുധാരണയിൽ സംതൃപ്തരാകുകയും ചെയ്തിരുന്നു. എന്നാൽ, നേരംവെളുത്തപ്പോൾ, അവരുടെ ഇര, കൈകളിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നുവെന്ന് അറിഞ്ഞപ്പോൾ അവർ പല ഭാഗത്തേക്കും കുതിച്ചു. മക്കയുടെ ഇടവഴികളിലും സ്വഹാബാക്കളുടെ ഭവനങ്ങളിലും അന്വേഷിച്ചു. പക്ഷേ, ഒന്നും കണ്ടെത്തിയില്ല. ഈ ദേഷ്യത്തിൽ അവർ അലിയെ പിടികൂടി മർദ്ദിക്കുകയുണ്ടായി. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 236-237)

ഹദ്റത്ത് അലിയുടെ ഈ ത്യാഗത്തെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെ വിവരിക്കുന്നു:

നബി(സ)തിരുമേനി വീട്ടിൽനിന്ന് പുറപ്പെടുമ്പോൾ ഹദ്റത്ത് അലിയെ തന്റെ വിരിപ്പിൽ കയറ്റിക്കിടത്തി. കട്ടിൽ ഉപയോഗിക്കുന്ന സമ്പ്രദായം ഇല്ലായിരുന്നു. ഇന്നും അറേബ്യയിൽ കട്ടിലിന്റെ സമ്പ്രദായമില്ല. ചില നിവേദനങ്ങളിൽ, നബി(സ)തിരുമേനി അദ്ദേഹത്തെ തന്റെ കട്ടിലിൽ കിടത്തി എന്ന് തെറ്റായിവന്നിട്ടുണ്ട്. കിടക്ക ഉണ്ടാക്കിയിരുന്നു. കട്ടിൽ ഉണ്ടായിരുന്നില്ല. രാത്രി, നബി(സ)തിരുമേനി അവർക്കിടയിലൂടെകടന്നുപോകുമ്പോൾ അവരിൽ ചിലർ നബി(സ)തിരുമേനിയെ കണ്ടെങ്കിലും അത് തിരുനബി(സ)യെ കാണാൻ വന്ന് മടങ്ങുന്ന മറ്റാരെങ്കിലും ആയിരിക്കാമെന്ന് കരുതി. കാരണം നബി(സ)തിരുമേനി വളരെ ധൈര്യപൂർവമാണ് അവർക്കിടയിലൂടെ പുറത്തേക്ക് കടന്നുപോയത്. നബി(സ)തിരുമേനിക്ക് അല്പംപോലും ഭയമുണ്ടായിരുന്നില്ല. ഇത്രയും ധൈര്യപൂർവ്വം പുറത്തേക്ക് കടക്കാൻ നബി(സ)തിരുമേനി ധൈര്യപ്പെടുകയില്ലെന്നും അത് നബി(സ)തിരുമേനിയെ കാണാൻ വന്ന ആരെങ്കിലും ആയിരിക്കുമെന്നും അവർ കരുതി. അതിനുശേഷം അവർ വാതിൽ പഴുതിലൂടെ അകത്തേക്ക് നോക്കി. നബി(സ)തിരുമേനി പുറത്തേക്ക് പോയോ എന്ന് നോക്കുമ്പോൾ അവിടെ ഒരാൾ കിടക്കുന്നത് കാണുകയും അത് നബി(സ)തിരുമേനി തന്നെയാണെന്ന് കരുതുകയും ചെയ്തു. ചുരുക്കത്തിൽ അവർ രാത്രിമുഴുവനും നബി(സ)തിരുമേനിയുടെ വീടിന് കാവൽ നിന്നു. അങ്ങനെ ഉചിതമെന്ന് തോന്നിയ സമയത്ത് അവർ അകത്തേക്ക് കടന്നു. ഒരുപക്ഷേ, അവർക്ക് (കിടക്കുന്ന ആളുടെ) ശരീരപ്രകൃതം കണ്ടപ്പോൾ അത് നബി(സ)തിരുമേനി അല്ലെന്ന് സംശയം തോന്നിയിരിക്കാം. അങ്ങനെ അവർ മുഖത്തുനിന്ന് തുണിമാറ്റി. ഒരുപക്ഷേ, മുഖം പുറത്തായിരുന്നു. ഏതായിരുന്നാലും ഉറങ്ങുന്നത് ഹദ്റത്ത് അലിയാണെന്നും നബി(സ)തിരുമേനി അല്ലെന്നും അവർക്ക് മനസിലായി. മാത്രമല്ല നബി(സ)തിരുമേനി സുരക്ഷിതനായി പോയെന്നും ഇനി പരാജയമല്ലാതെ മറ്റൊന്നുമില്ലെന്നും അവർക്ക് ബോധ്യമാകുകയും ചെയ്തു. (തഫ്സീറെ കബീർ, വാള്യം 8, പേജ് 510)

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലാഹു ഹദ്റത്ത് അലിക്ക് മഹത്തായ ത്യാഗത്തിന് സൗഭാഗ്യം നൽകുകയുണ്ടായി. നബി(സ)തിരുമേനി രാത്രി സമയത്ത് ഹിജ്റത്ത് ചെയ്ത് വീട്ടിൽനിന്ന് പോകാൻ ആഗ്രഹിച്ചപ്പോൾ അവിടന്ന് ഹദ്റത്ത് അലിയോട് പറഞ്ഞു: 'നിങ്ങൾ എന്റെ വിരിപ്പിൽ കിടക്കണം. ജനങ്ങൾ എത്തിവലിഞ്ഞു നോക്കുമ്പോൾ ഒരാൾ കിടക്കയിലുണ്ടെന്ന് കാണുകയും അങ്ങനെ അവർ പിന്തുടരാതിരിക്കുകയും ചെയ്യും. ആ സമയത്ത് ഹദ്റത്ത് അലി, യാ റസൂലല്ലാഹ്! വീടിനു പുറത്ത് ഖുറയ്ശികളിലെ എണ്ണപ്പെട്ട യുവാക്കൾ ഊരിയ വാളുകളുമായി നിൽക്കുകയാണെന്നും, അങ്ങ് പുറത്തേക്ക് പോയെന്ന് രാവിലെ അറിയാൻ ഇടയായാൽ അവർ എന്നെ ആക്രമിച്ച് കൊലപ്പെടുത്തുമെന്നുമല്ല പറഞ്ഞത്. മറിച്ച് വളരെ സമാധാനത്തോടെ ഹദ്റത്ത് അലി, നബി(സ) തിരുമേനിയുടെ കിടക്കയിൽ കിടക്കുകയും അവിടന്ന് തന്റെ പുതപ്പ് അദ്ദേഹത്തിന് പുതച്ചുകൊടുക്കുകയും ചെയ്തു. രാവിലെ, ഖുറയ്ശികൾ മുഹമ്മദ് റസൂലുല്ലാഹ്(സ)യ്ക്കു പകരം ഹദ്റത്ത് അലി, നബി(സ)തിരുമേനിയുടെ കിടക്കയിൽനിന്ന് എഴുന്നേൽക്കുന്നത് കാണുകയും ചെയ്തപ്പോൾ അവർ തങ്ങളുടെ പരാജയത്തിൽ പല്ലിറുമ്മുകയായിരുന്നു. അവർ അലിയെ പിടികൂടുകയും മർദ്ദിക്കുകയും ചെയ്തു. പക്ഷേ, അതുകൊണ്ടെന്തുകാര്യം? ദൈവിക വിധി നടപ്പിൽവരികയും മുഹമ്മദ് റസൂലുല്ലാഹ്(സ) സമാധാനത്തോടെ മക്കയിൽനിന്ന് പുറത്തേക്ക് പോകുകയുംചെയ്തു. ആ സമയത്ത്, ഈ വിശ്വാസസ്ഥൈര്യത്തിന് തനിക്കെന്താണ് കിട്ടുകയെന്ന് ഹദ്റത്ത് അലിക്ക് എന്തറിയാം? എന്നാൽ, ഈ ത്യാഗത്തിന് പകരം, ഹദ്റത്ത് അലി മാത്രമല്ല, മറിച്ച് ഹദ്റത്ത് അലിയുടെ സന്തതികളും അന്തസിന് പാത്രമാകുമെന്ന് അല്ലാഹുവിന് അറിയാമായിരുന്നു. അങ്ങനെ അല്ലാഹു ഹദ്റത്ത് അലിക്ക് ഏറ്റവുമാദ്യം നൽകിയ അനുഗ്രഹം, നബി(സ)തിരുമേനിയുടെ ജാമാതാവ് എന്ന ബഹുമതിയാണ്. രണ്ടാമതായി അല്ലാഹു അദ്ദേഹത്തിന് നൽകിയ അനുഗ്രഹം, നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ അദ്ദേഹത്തോട് എത്രമാത്രം സ്നേഹമുണ്ടായെന്നാൽ, അവിടന്ന് അദ്ദേഹത്തെ പ്രകീർത്തിക്കുകയുണ്ടായി.(തഫ്സീറെ കബീർ, വാള്യം 7, പേജ് 25)

ഏതായിരുന്നാലും ഒരേ സംഭവത്തിന്റെ വിവിധ തരത്തിലുള്ള ഉദ്ധരണികളാണ് ഞാൻ സമർപ്പിച്ചത്. യഥാർഥസംഭവം എന്ന നിലയ്ക്ക് എല്ലാം ഒന്നുതന്നെയാണ്. പക്ഷേ, ഞാനത് വിവിധ തരത്തിൽ വിവരിക്കുകയാണ് ചെയ്തത്. കാരണം, വിശദീകരണത്തിലും വിവരണത്തിലും ചില പുതിയ സംഗതികളും മനസിലാക്കാൻ കഴിയുന്നതാണ്. അതല്ലെങ്കിൽ പുതിയ രൂപത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ പല കാര്യങ്ങളും മുന്നിൽവരുന്നതാണ്. മാത്രമല്ല, ആ സ്വഹാബിയുടെ ഇവിടെ ഹദ്റത്ത് അലിയുടെ കാര്യത്തിൽ അതിൽ അദ്ദേഹത്തിന്റെ വ്യക്തിത്വം വിവിധ തലത്തിൽ മുന്നിൽ വരുന്നു. സ്വഹാബാക്കളോട് നബി(സ)തിരുമേനിക്കുണ്ടായിരുന്ന ബന്ധവും വ്യക്തമാകുന്നതാണ്. ചിലപ്പോൾ ഒരേ സംഭവംതന്നെ ആയിരിക്കും, അവതരണ ശൈലി വ്യത്യസ്തമായിരിക്കും. അതുകൊണ്ടാണ് എല്ലാ ഉദ്ധരണികളും കേൾപ്പിക്കുന്നത്. ഇവിടെ ഹദ്റത്ത് അലിയുടെ കാര്യത്തിലും ഇതാണ് നമുക്ക് മനസിലായത്. ഏതായിരുന്നാലും ഹദ്റത്ത് അലിയുടെ അനുസ്മരണമാണ് പ്രകടമാകുന്നത്. ബാക്കി ഇൻശാ അല്ലാഹ് തുടർന്നും വിവരിക്കുന്നതാണ്.

ഇനി ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കുന്നതും അവരുടെ ജനാസ നമസ്കരിക്കുന്നതുമാണ്.

ഒന്നാമത്തെ ജനാസ പാക്കിസ്താനിലെ നങ്കാന ജില്ലയിലെ മുദ്ബലൂചാൻ എന്ന സ്ഥലത്തെ ത്വാരിഖ് മഹ്മൂദ് സാഹിബിന്റെ മകൻ ഡോക്ടർ ത്വാഹിർ മഹ്മൂദ് സാഹിബ് ശഹീദിന്റേതാണ്. അഹ്മദിയ്യ വിരോധികൾ 2020 നവംബർ 20ന്, കഴിഞ്ഞ ജുമുഅ ദിവസം ജുമുഅക്കുശേഷം വെടിവെച്ച് ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

വിവരം കിട്ടിയതനുസരിച്ച് ശഹീദ് മർഹൂം തന്റെ പിതാവ് ത്വാരിഖ് മഹ്മൂദ് സാഹിബിനോടും മറ്റു കുടുംബാംഗങ്ങളോടുമൊപ്പം നവംബർ 20ന് ജുമുഅ നമസ്കരിക്കാൻ പിതാവിന്റെ ജ്യേഷ്ഠൻ മുഹമ്മദ് ഹഫീള് സാഹിബിന്റെ വീട്ടിൽ ഒത്തുകൂടിയതാണ്. ജുമുഅ നമസ്കാരത്തിനുശേഷം ഏകദേശം രണ്ടര മണിക്ക് വീട്ടിൽനിന്ന് പുറത്തുവന്നു. അപ്പോൾ അവിടെയുണ്ടായിരുന്ന മഹദ് എന്ന് പേരുള്ള 16 കാരൻ നിറതോക്കുകൊണ്ട് വെടിയുതിർത്തു. ഫയറിംഗ് കാരണം ഡോക്ടർ ത്വാഹിർ മഹ്മൂദ് സാഹിബ് സംഭവസ്ഥലത്തുതന്നെ ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ശഹീദ് മർഹൂമിന് 31 വയസായിരുന്നു. ഈ ആക്രമണത്തിൽ മാൽസെക്രട്ടറിയും മുൻ സദ്റുമായ അദ്ദേഹത്തിന്റെ പിതാവ് ത്വാരിഖ് മഹ്മൂദ് സാഹിബ്(55) തലയിൽ വെടിയേറ്റതിനാൽ ഗുരുതരമായ പരിക്കുകളോടെ ആസ്പത്രിയിൽ ചികിത്സയിലാണ്. ഇപ്പോഴത്തെ സദ്ർ ജമാഅത്തും ശഹീദ് മർഹൂമിന്റെ പിതാവിന്റെ ജ്യേഷ്ഠനുമായ സയീദ് അഹ്മദ് മഖ്സൂദ് സാഹിബ്(60), സയീം ഖുദ്ദാമുൽ അഹ്മദിയ്യാ ത്വയ്യിബ് മഹ്മൂദ് സാഹിബ്(26) എന്നിവർക്കും വെടിവെപ്പിൽ പരിക്കേറ്റിട്ടുണ്ട്. കുറച്ച് സമയം ആസ്പത്രിയിൽ ചികിത്സയിൽ കഴിഞ്ഞു. ഇപ്പോൾ ഭേദമുണ്ട്. എന്നാൽ, ശഹീദിന്റെ പിതാവിന് ഗുരുതരമായി പരിക്കാണ്. അക്രമി തുരുതുരാ വെടിയുതിർത്തതിനുശേഷം മൂന്നാമത്തെ തവണ ലോഡ് ചെയ്യുമ്പോൾ പിടിക്കപ്പെടുകയുണ്ടായി. ഏതായിരുന്നാലും ശത്രുതയുടെ ഒരു പുതിയ രൂപം അവിടെ ഉണ്ടായിവരികയാണ്. അവർ ചെറുപ്രായത്തിലുള്ള കുട്ടികളെ പ്രേരിപ്പിക്കുകയും അക്രമം നടത്തിക്കുകയുമാണ് ഇപ്പോൾ ചെയ്യുന്നത്. പിന്നീട് കോടതികളിൽ ഇവർ പ്രായപൂർത്തി എത്താത്തവരാണെന്നും ശിക്ഷയിൽ ഇളവ് വേണമെന്ന് പറയുകയും ശിക്ഷ മാപ്പാക്കുകയും ചെയ്യുന്നു. ഏതായിരുന്നാലും വിവിധ മാർഗങ്ങൾ അവർ അവലംബിക്കുന്നു. അതോടൊപ്പം തങ്ങൾക്ക് പരാതിയില്ലെന്നും തങ്ങൾ അവരോട് കാഠിന്യം കാണിക്കുന്നില്ലെന്നും അഹ്മദികളെ അനാവശ്യമായി ആക്രമിക്കുന്നില്ലെന്നും പറയുന്നു. മറുഭാഗത്ത് ശഹാദത്തുകളുമുണ്ടാകുന്നു. ചില സർക്കാർ ഉദ്യോഗസ്ഥർ ബോധപൂർവം കേസുണ്ടാക്കുന്നുണ്ട്.

മർഹൂമിന്റെ കുടുംബത്തിൽ പിതാമഹൻ ഹക്കീം മുഹമ്മദ് ഇബ്റാഹിം സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹം തന്റെ മറ്റു കുടുംബക്കാരോടൊപ്പം 13-ാമത്തെ വയസ്സിൽ രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിലാണ് ബയ്അത്ത്ചെയ്തത്. ശഹീദ് മർഹൂം ലാഹോർ ഇസ്‌ലാമിയ കോളേജിൽനിന്ന് എച്ച്.

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ജാബിർ ബിൻ സമുറയിൽനിന്ന് നവേദനം.
അദ്ദേഹം പറഞ്ഞു: അഗ്രം പരന്ന അമ്പുകൊണ്ട് ആത്മഹത്യചെയ്ത ഒരാളെ റസൂലിന്റെ അടുത്തുകൊണ്ടുവന്നു. പക്ഷേ, അവിടന്ന് അയാൾക്കുവേണ്ടി നമസ്കരിച്ചില്ല.'(മുസ്‌ലിം, ഹദീഥ് 480)**

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത ജാബിർ (റ)നിവേദനം. അദ്ദേഹം പറഞ്ഞു:
'റസൂൽ(സ) ഖബ്റുകൾ കുമ്മായമിടുന്നതും അതിന്മേൽ ഇരിക്കുന്നതും കെട്ടിടം പണിയുന്നതും നിരോധിച്ചിരിക്കുന്നു.'
(മുസ്‌ലിം, ഹദീഥ് 489)**

ത്വാലിബെ ദുആ:
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala

എസ്.സി പാസായി. അതുകഴിഞ്ഞ് 2013 ൽ റഷ്യയിലെ മോസ്കോയിൽ നിന്ന് എം.ബി.ബി എസ് കരസ്ഥമാക്കി. ഇപ്പോൾ പി.എം.സി പരീക്ഷയ്ക്ക് തയ്യാറെടുക്കുകയായിരുന്നു. ഫള്ലെ ഉമർ ആസ്പത്രിയിലും സേവനമനുഷ്ഠിച്ചിരുന്നു. ശഹീദ്മർഹൂം നിരവധി സവിശേഷതകൾക്ക് ഉടമയായിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹമുണ്ടായിരുന്നു. ജമാഅത്ത് ഭാരവാഹികളേയും കേന്ദ്രത്തിൽനിന്ന് വരുന്ന അതിഥികളേയും ഏറെ ആദരിച്ചിരുന്നു. ജമാഅത്തിൽ നിന്ന് എന്തു ജോലിക്ക് വിളിച്ചാലും ഉടൻ എത്തുമായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യാ ഖായിദായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. പല പ്രാവശ്യവും തന്റെ വാഹനത്തിൽ രോഗികളെ ആസ്പത്രിയിലെത്തിച്ചിരുന്നു. സേവനത്തിൽ എപ്പോഴും മുൻപന്തിയിലുണ്ടായിരുന്നു. അനഹ്മദികളുമായും നല്ല ബന്ധമായിരുന്നു. സുമനസുകളായ നിരവധി അനഹ്മദികൾ ഈ അത്യാഹിതത്തിൽ അനുശോചനം അറിയിക്കുകയുണ്ടായി. ഈ കുടുംബത്തിന് നീണ്ടകാലമായി, കഠിനമായ എതിർപ്പു നേരിടേണ്ടിവന്നിട്ടുണ്ട്. 1974 ൽ എതിരാളികൾ, ശഹീദ് മർഹൂമിന്റെ പിതാമഹന്റെ രണ്ട് കടകൾ കത്തിച്ചു. 2006 ൽ അദ്ദേഹത്തിന്റെ പിതാവ് ത്വാരിഖ് മഹ്മൂദ് സാഹിബിനെ ശത്രുക്കൾ വളരെ കഠിനമായി ദ്രോഹിച്ചിരുന്നു. കുറച്ചുദിവസം മുമ്പേ, ഒരു അഹ്മദിയ്യാവിരോധി ശഹീദ് മർഹൂമിന്റെ പിതാവ് അങ്ങാടിയിലൂടെ പോകുമ്പോൾ അദ്ദേഹത്തിനു നേർക്ക് തുപ്പുകയുണ്ടായി. ഇത്തരത്തിലുള്ള കാര്യങ്ങൾ അവർ തുടർച്ചയായി ചെയ്തുവരുന്നു. പക്ഷേ, ഇവർ അവിടെ സ്ഥൈര്യപൂർവ്വം നിൽക്കുകയായിരുന്നു.

റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗിലെ മുബല്ലിഗ് സ്വദാഖത്ത് അഹ്മദ് സാഹിബെഴുതുന്നു: വിദ്യാഭ്യാസ കാലത്ത് നല്ലൊരു പങ്കും അദ്ദേഹം റഷ്യയിലെ താർത്തിരിസ്താനിലെ കാസാൻ എന്ന സ്ഥലത്താണ് ചെലവഴിച്ചത്. അദ്ദേഹം വിജയിയായ ഒരു ഡോക്ടറായിട്ടാണ് പാകിസ്കാനിലെത്തിയത്. പറയുന്നു: ഡോക്ടർ ത്വാഹിർ മഹ്മൂദ് സാഹിബ് വിദ്യാർഥിയായിരിക്കുമ്പോഴും ജമാഅത്തുമായി വളരെ ആത്മാർഥ ബന്ധമുള്ള ആളായിരുന്നു. ജുമുഅ നമസ്കാരത്തിലും ചന്ദ കൊടുക്കുന്നതിലും കൃത്യനിഷ്ഠയുള്ള ആളായിരുന്നു. ഹോസ്റ്റൽ, മിഷനുമായി ദൂരെയായിരുന്നിട്ടും മറ്റു ജമാഅത്തീ പരിപാടികളിലും കൃത്യമായി പങ്കെടുത്തിരുന്നു. അദ്ദേഹം തന്റെ ഗ്രൂപ്പിലെ ബുദ്ധികൂർമതയുള്ള വിദ്യാർഥികളിൽ ഗണിക്കപ്പെട്ടിരുന്നു. പഠനമാധ്യമം ഇംഗ്ലീഷ് ആയിരുന്നെങ്കിലും സ്വന്തം പ്രയത്നത്താൽ റഷ്യൻ ഭാഷയും നല്ല ഒഴുക്കോടെ വശമാക്കി. കാസാൻ എന്ന സ്ഥലത്ത് അദ്ദേഹം താമസിക്കുന്ന ഹോസ്റ്റലിൽ താൻ അഹ്മദിയാണെന്ന് എല്ലാവരോടും പറഞ്ഞിരുന്നു. അതുകൊണ്ട് ശത്രുതയുമുണ്ടായിരുന്നു. കാരണം അവിടെ പാകിസ്താനി വിദ്യാർഥികളുമുണ്ടായിരുന്നു. അവർ ജമാഅത്തിന്റെ കഠിന ശത്രുക്കളായിരുന്നു. പക്ഷേ, അവസരം കിട്ടുമ്പോൾ അവർക്കും തബ്ലീഗ് ചെയ്യുമായിരുന്നു. പറയുന്നു: പാകിസ്താനിൽ വന്നപ്പോൾ എന്നെ കണ്ടിരുന്നു. അവിടെ അദ്ദേഹത്തിന്റെ മുഢ്ബലൂചാൻ എന്ന സ്ഥലത്തും വളരെ ശത്രുതയുണ്ടായിരുന്നു. അതുകൊണ്ട് റബ്വയിലേക്ക് മാറാൻ ആഗ്രഹിച്ചിരുന്നു. റബ്വയിൽ വീടും നിർമിച്ചിട്ടുണ്ട്. കാർസാൻ താർത്താരിസ്താനിലെ റഷ്യൻ അഹ്മദിയായ ഫരീദ് അബ്റാഗീമോഫ് പറയുന്നു: അദ്ദേഹം വളരെ പെട്ടെന്നാണ് റഷ്യൻ ഭാഷ പഠിച്ചത്. വളരെ നല്ല പ്രകൃതവും സ്വഭാവവുമുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ പുഞ്ചിരി പ്രകാശ പൂരിതമായിരുന്നു.

മർഹൂമിന്റെ സന്തപ്തകുടുംബത്തിൽ പിതാവ് ത്വാരിഖ് മഹ്മൂദിനെ കൂടാതെ മാതാവ് ശമീം അഖ്തർ സാഹിബ, സഹോദരൻ ഖാസിം മഹ്മൂദ് സാഹിബ് (ജർമനി),സഹോദരി ജർമനിയിലെ നസീർ അഹ്മദ് സാഹിബിന്റെ ഭാര്യ ഫാഇസ മഹ്മൂദ് സാഹിബ എന്നിവരുമുണ്ട്. അല്ലാഹു പരേതന് ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നൽകുമാറാകട്ടെ. പരിക്കേറ്റവർക്ക് സൗഖ്യവും എത്രയുംവേഗം പരിപൂർണ്ണ ശമനവും നൽകുമാറാകട്ടെ. പരിക്കേറ്റ എല്ലാവരേയും എല്ലാവിധ ഏനക്കേടുകളിൽനിന്നും രക്ഷിക്കുമാറാകട്ടെ. എല്ലാ ബന്ധുമിത്രാദികൾക്കും തന്റെ അനുഗ്രഹവും കാരുണ്യവും നൽകുമാറാകട്ടെ.

അടുത്ത ജനാസ സിയറാലിയോൺ നാഷണൽ ജനറൽസെക്രട്ടറി ജമാലുദ്ദീൻ മഹ്മൂദ് സാഹിബിന്റേതാണ്. നവംബർ 3 ന് ഹൃദയാഘാതം കാരണത്താൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

മർഹൂം കഴിഞ്ഞ 16 വർഷമായി ജനറൽ സെക്രട്ടറിയായി സേവനം ചെയ്തുവരികയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. മിഷണറി ഇൻചാർജ് സയീദ് അഹ്മദ് സാഹിബ് എഴുതുന്നു: അദ്ദേഹത്തിന്റെ മറ്റെല്ലാ നന്മകൾക്കുമൊപ്പം ഉണ്ടായിരുന്ന വലിയൊരു സവിശേഷത, ലോകത്തുള്ള അഹ്മദികളെ മുഴുവനും കുടുംബ മാഹാത്മ്യത്തിന് അതീതമായ ഏകോദര സമുദായമാക്കുന്നതിന് അദ്ദേഹം മാതൃകാപരമായ ദൃഷ്ടാന്തമായിരുന്നു എന്നതാണ്. വളരെ യുക്തിയോടേയും ആത്മാർഥമായും സേവനം ചെയ്തിരുന്നു. ഏകദേശം 2000 ആളുകൾ അദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുത്തിരുന്നു. ഈ സന്ദർഭത്തിൽ സിയറാലിയോൺ മന്ത്രിമാർ, ചീഫ് ഓഫ് ആർമി സ്റ്റാഫ്, പാർലമെന്റംഗങ്ങൾ, പാരാമൗണ്ട് ചീഫുമാർ തുടങ്ങി നിരവധി സർക്കാരുദ്യോഗസ്ഥന്മാർ സന്നിഹിതരായിരുന്നു.

നുസ്റത്ത് ജഹാൻ (സ്കീം) സെക്രട്ടറി മുബാറക് സാഹിബെഴുതുന്നു: മർഹൂം വളരെ ആത്മാർഥതയോടെ ജമാഅത്തിസേവനങ്ങൾ ചെയ്യുന്ന ആളായിരുന്നു. നീണ്ട കാലമായി ജനറൽ സെക്രട്ടറിയായി സേവനം ചെയ്തുവരികയായിരുന്നു. കൂടാതെ സിയറാലിയോൺ അഹ്മദിയ്യാ പ്രിന്റിംഗ് പ്രസിന്റെ ഡപ്യൂട്ടി മാനേജറുമായിരുന്നു. മർഹൂം ഘാനാ നിവാസിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഇബ്റാഹിമാണ്, ഹദ്റത്ത് മൗലാനാ നദീർ സാഹിബിന്റെ നിർദേശ പ്രകാരം മഹ്മൂദിനെ സിയറാലിയോണിലേക്ക് അയച്ചത്.

മുബാറക് ത്വാഹിർ സാഹിബ് എഴുതുന്നു: 13 വർഷം ജമാൽ സാഹിബ് എന്റെയടുത്ത് രോകോപൂരിൽ താമസിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പിതാവ് അവിടെയാണ് താമസിപ്പിച്ചത്. അദ്ദേഹം ആരംഭകാലം മുതലേ ദീനി തൽപരനും ജമാഅത്തായ നമസ്കാരങ്ങളിലും ജമാഅത്തീസേവനങ്ങളിലും മുൻപന്തിയിലുമായിരുന്നു. രോകോപൂരിലെ ഖാദിംകളുമായിചേർന്ന് തബ്ലീഗ്, ഇശാഅത്ത് പ്രവർത്തനങ്ങളിൽ കർമനിരതനായിരുന്നു.

സിയറാലിയോൺ റഖിംപ്രസ് ഇൻചാർജ് ഉഥ്മാൻ ത്വാലിബ് സാഹിബ് പറയുന്നു: എനിക്ക് മുമ്പേ അവിടെ ദീർഘകാലം ജോലിചെയ്തിരുന്ന ജമാലുദ്ദീൻ മഹ്മൂദ് സാഹിബായിരുന്നു ഇൻചാർജ്. ഞാൻ അദ്ദേഹത്തോടൊപ്പം 12 വർഷം പ്രവൃത്തിച്ചിട്ടുണ്ട്. ഞാൻ അദ്ദേഹത്തെക്കാളും ചെറുതാണെന്നോ, പരിചയമില്ലാത്തവനാണെന്നോ ഉള്ള ഭാവം അദ്ദേഹമൊരിക്കലും എന്നോട് പ്രകടിപ്പിച്ചിട്ടില്ല. മറിച്ച് എപ്പോഴും ആദരവോടെയാണ് പെരുമാറിയത്. താങ്കൾ മുബല്ലിഗാണെന്നും താങ്കളെ നിയോഗിച്ചത് ഖലീഫത്തുൽ മസീഹാണെന്നും പറയുമായിരുന്നു. ഒരിക്കലും ഒരു കാര്യത്തിലും എന്നെ അനുസരിക്കാതിരുന്നിട്ടില്ല. അനുസരണവും താഴ്മയും അദ്ദേഹത്തിൽ നിറഞ്ഞിരുന്നു. ഏതെങ്കിലും ജോലി ഏൽപ്പിച്ചാൽ ഉടനെതന്നെ അത് ചെയ്യുകയും സാധ്യമാകുന്ന വിധത്തിൽ പൂർത്തിയാക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഞാൻ ഈ കാലയളവിൽ അദ്ദേഹത്തിൽനിന്ന് പലതും പഠിച്ചിട്ടുണ്ട്. ദിവസവും സ്ഥിരമായി തഹജ്ജുദ് അനുഷ്ഠിച്ചിരുന്നു. ജമാഅത്തായ നമസ്കാരത്തിൽ വളരെ കൃത്യനിഷ്ഠയുണ്ടായിരുന്നു. അസൂയാർഹമായ നിലയിൽ മനോഹരമായി നമസ്കരിച്ചിരുന്നു. എപ്പോഴും ആർദ്രഭാവത്തിൽ സംതൃപ്തമായി നമസ്കരിച്ചിരുന്നു. ഖിലാഫത്തിനോട് വളരെ സ്നേഹമുണ്ടായിരുന്നു. എല്ലാ ജുമുഅ ഖുത്ബയും വളരെ ആദരവോടുകൂടി ഇരുന്ന് കേൾക്കുമായിരുന്നു.

അദ്ദേഹം വീണ്ടും എഴുതുന്നു: സിയറാലിയോൺ സംസ്കാരമനുസരിച്ച് നിരവധി കുട്ടികളെ വീട്ടിൽ നിറുത്തിയിരുന്നു. സ്വന്തം ചെലവിൽ പഠിപ്പിച്ചിരുന്നു. അവരിൽ പലരും ഇപ്പോൾ നല്ല ജോലിയുള്ളവരാണ്. അവർ വളരെ ആദരവോടേയും സ്നേഹത്തോടേയും അദ്ദേഹത്തെ ഓർക്കുന്നു.

മുബല്ലിഗ് നവീദ് ഖമർ സാഹിബ് എഴുതുന്നു: ജമാഅത്തിന്റെ സാമ്പത്തിക പദ്ധതികളിൽ ശുഷ്കാന്തിയോടെ പങ്കെടുക്കുമായിരുന്നു. തന്റെ മാതാപിതാക്കളുടേയും കുടുംബത്തിലെ മറ്റുള്ളവരുടേയും പേരിൽ തഹ്രീക്കെജദീദ്, വഖ്ഫെ ജദീദ് ചന്ദകൾ നൽകിയിരുന്നു. അദ്ദേഹം തന്റെ സ്വദേശമായ രോകോപൂരിൽ വരുമ്പോഴെല്ലാം തിരക്കാണെങ്കിലും കൃത്യസമയത്ത് മസ്ജിദിലെത്തിയിരുന്നു. പൊതുവിൽ മഗ്രിബ് –ഇശാഅ് നമസ്കാരത്തിനിടയിൽ ജനങ്ങൾക്ക് ജമാഅത്തിന്റെ അധ്യാപനങ്ങൾ പറഞ്ഞുകൊടുക്കുമായിരുന്നു. പ്രത്യേകിച്ചും അഹ്മദിയ്യാ ഖിലാഫത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും അതിനോടുള്ള പ്രതിബദ്ധതയും നല്ലരീതിയിൽ മനസിലാക്കി കൊടുത്തിരുന്നു. എല്ലാവരോടും നല്ല സ്നേഹബന്ധമായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിൽ അഹ്മദികളും അനഹ്മദികളുമെല്ലാം കരയുകയായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ജനാസയിൽ ദൂരെദൂര സ്ഥലങ്ങളിൽനിന്ന് ദീർഘ യാത്രകൾ ചെയ്തു വലിയൊരു ജനസഞ്ചയം പങ്കെടുക്കുകയുണ്ടായി.

മർഹൂമിന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. ആദ്യ ഭാര്യയുമായി അകന്നിരുന്നു. അവരിലാണ് മക്കളുണ്ടായത്; രണ്ട് പെൺമക്കളും രണ്ട് ആൺമക്കളും. ഒരു മകന്റെ വിവാഹം കഴിഞ്ഞിട്ടുണ്ട്. മകൾ ആസ്ട്രേലിയായിലാണ്. മറ്റുള്ളവർ രണ്ടുമക്കൾ ഘാനയിൽ പഠിക്കുന്നു. ഒരാൾ സിയറാലിയോണിലാണുള്ളത്. രണ്ടാമത്തെ ഭാര്യയിൽ മക്കളൊന്നുമില്ല.

പരേതന് അല്ലാഹു മഗ്ഫിറത്തും റഹ്മത്തും പ്രദാനം ചെയ്യുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖ് നൽകുമാറാകട്ടെ .

അടുത്ത ജനാസ റബ്വയിലെ മുൻ നാളിർ ജാഇദാദും നിയമോപദേശകനുമായ മർഹൂം ചൗദ്രി സ്വലാഹുദ്ദീൻ സാഹിബിന്റെ ഭാര്യ അമത്തുസ്സലാം സാഹിബയുടേതാണ്. ഇവർ ഒക്ടോബർ 19–ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവരുടെ ഭർത്താവ് ചൗദ്രി സ്വലാഹുദ്ദീൻ സാഹിബ്, ഹദ്റത്ത് മസീഹ്മൗഊദ്(അ)ന്റെ സ്വഹാബി, ഹദ്റത്ത് അബ്ദുർറഹ്മാൻ സാഹിബിന്റേയും ഹദ്റത്ത് ഹംന ബീബി സാഹിബയുടേയും പൗത്രനാകുന്നു. അതായത് അദ്ദേഹത്തിന്റെ പിതാമഹനും മാതാമഹനും സ്വഹാബിമാരായിരുന്നു.

പരേതയുടെ മകൻ നയീമുദ്ദീൻ സാഹിബ് എഴുതുന്നു: എന്റെ മാതാവിനെ സംബന്ധിച്ച് എന്റെ ജീവിതത്തിൽ പതിഞ്ഞ മായാത്ത മുദ്ര, ഞങ്ങളുടെ നമസ്കാരത്തെ സംബന്ധിച്ച അവരുടെ ശ്രദ്ധയാണ്. അതായത് അവരുടെ ഏറ്റവും ശക്തമായ കർമരീതി, ഞങ്ങളെ ആ കാര്യത്തിൽ വളരെ ശക്തമായി കൃത്യനിഷ്ഠതയുള്ളവരാക്കി. അതായിരുന്നു അവരുടെ ശക്തമായ കർമരീതി.

ഞങ്ങളുടെ വീട് ഒരു ഹോസ്റ്റൽ പോലെയായിരുന്നു. ഞങ്ങളുടെ കുടുംബക്കാരായ നിരവധി കുട്ടികൾ പഠനാർഥം ഞങ്ങളുടെ വീട്ടിൽ താമസിച്ചിരുന്നു. അവർ വർഷങ്ങളോളം താമസിച്ചിട്ടുണ്ട്. ഞങ്ങളുടെ മാതാവ്, ഓരോ കുട്ടിയ്ക്കും നമസ്കാരത്തിൽ കൃത്യനിഷ്ഠയുണ്ടെന്ന് ഉറപ്പുവരുത്തിയിരുന്നു. എല്ലാ കുട്ടികൾക്കും സ്വയം വിശുദ്ധഖുർആൻ പഠിപ്പിച്ചിരുന്നു. വലിയ കുട്ടികൾക്ക് ഉസ്താദിനെ ഏർപ്പാടാക്കുകയും ചെയ്തിരുന്നു.

മാതാവിനെ സംബന്ധിച്ച് എന്റെ മനസ്സിൽ മായാത്ത മുദ്ര പതിഞ്ഞ മറ്റൊരുകാര്യം, വീട്ടിൽ താമസിക്കുന്ന ഓരോരുത്തർക്കും സുഖസൗകര്യങ്ങൾ ഒരുക്കാനുള്ള ശുഷ്കാന്തിയാണ്. എന്തെങ്കിലും കാരണവശാൽ വേലക്കാർ ലീവാണെങ്കിൽ, അവർ സ്വന്തം കുട്ടികളുടേയും മറ്റു കുട്ടികളുടേയും വസ്ത്രങ്ങൾ കഴുകുന്നതിൽ ഒരു കുറവും കരുതിയിരുന്നില്ല. ഞങ്ങളുടെ മാതാവിന്റേയും പിതാവിന്റേയും കുടുംബക്കാർ എപ്പോഴും റബ്വയിൽവന്നിരുന്നു.

പിതാവ് ജമാഅത്തിന്റെ ഉത്തരവാദിത്വങ്ങൾ കാരണം അധികവും റബ്വയിൽ ഉണ്ടാകുമായിരുന്നില്ല. എല്ലാ അതിഥികളേയും നല്ല പോലെ സൽക്കരിച്ചിരുന്നു ഒന്നിനും കുറവ് വരുത്തിയിരുന്നില്ല. ഞാൻ മൂത്ത മകനായതുകൊണ്ട് എല്ലാഅതിഥികളേയും നല്ലപോലെ ശ്രദ്ധിക്കുന്നതിനും കുറവ് വരുത്താതിരിക്കുന്നതിനും എന്റെ മേൽനോട്ടവും വഹിച്ചിരുന്നു.

പറയുന്നു: ഞങ്ങളുടെ പിതാമഹിയും അവരുടെ ഉമ്മയും മാതാമഹിയും അധികവും ഞങ്ങളുടെ വീട്ടിൽത്തന്നെയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങൾ 6 സഹോദരീസഹോദരന്മാരാണ്. കുടുംബത്തിലെ നിരവധി കുട്ടികളും പഠനാർഥം ഞങ്ങളുടെ വീട്ടിൽ താമസിച്ചിരുന്നു. ഇതൊക്കെയായിട്ടും ഞങ്ങളുടെ ഉമ്മ, മൂന്ന് മഹതികൾക്കും നല്ല പോലെ സേവനം ചെയ്തിരുന്നു. ജൽസാ സാലാനയുടെ ഈ അവസരത്തിൽ 80, 90 അതിഥികൾ വീട്ടിലുണ്ടാകുമായിരുന്നു. അവരുടെ ഭക്ഷണത്തിനും താമസത്തിനും വീടിനു പുറത്ത് ടെന്റ് ഉണ്ടാക്കിയിരുന്നു. കിടക്കയ്ക്ക് ഗ്രാമത്തിൽനിന്ന് ഏർപ്പാടു ചെയ്തിരുന്നു. എല്ലാ ഏർപ്പാടുകളും ഉമ്മയും ഉപ്പയും വളരെ സന്തോഷത്തോടെ ചെയ്തിട്ടുണ്ടായിരുന്നു. എല്ലാ ബന്ധുക്കളും അവരുടെ സ്നേഹത്തേയും അതിഥി സൽക്കാരത്തേയും ഓർമിക്കുന്നു.

അവരുടെ ഒരു സഹോദരീപുത്രൻ എഴുതുന്നു: ഞാൻ അവിടെ വീട്ടിലാണ് പഠനാർഥം താമസിച്ചിരുന്നത് ഒരിക്കലുംതന്നെ രാവിലത്തെ റൊട്ടി വൈകിട്ടോ, വൈകിട്ട് ഉണ്ടാക്കിയ റൊട്ടി രാവിലെയോ തന്നിട്ടില്ല. മറിച്ച് പ്രാതലിന് ആ സമയത്ത് ഉണ്ടാക്കിയ പൊറോട്ട തന്നെ എപ്പോഴും തന്നിരുന്നു. അന്യരുടെ മക്കളേയും കുടുംബക്കാരുടെ മക്കളേയും നല്ലപോലെ ശ്രദ്ധിച്ചിരുന്നു. അവർക്ക് ഒരുപാട് സ്വന്തം മക്കളുമുണ്ടായിരുന്നു.

ഖലീഫാമാരോടുള്ള സ്നേഹവും അനുസരണവും മാതൃകാപരമായിരുന്നു. പറയുന്നു: ബഹുമാന്യരായ വ്യക്തിത്വങ്ങളോട് ഞങ്ങളുടെ നാഡീഞരമ്പുകളിൽ അതേ തരത്തിലുള്ള വികാരവും ആവേശവുമാണ് നിക്ഷേപ്പിച്ചിരുന്നത്.

അവരുടെ മകന്റെ ഭാര്യ നബീല നയീം സാഹിബ പറയുന്നു: 'പരേത നിരവധി ഗുണങ്ങളുടെ ഉടമസ്ഥയായിരുന്നു. നമസ്കാരത്തിലും വിശുദ്ധ ഖുർആൻ പാരായണത്തിലും തഹജ്ജുദിലും അതീവ താൽപര്യം കാണിച്ചിരുന്നു. സഹനശീലയും നന്ദി കാണിക്കുന്ന പ്രകൃതവുമായിരുന്നു. പ്രയാസത്തിൽ ഒരിക്കലും പരാതി പറഞ്ഞിരുന്നില്ല. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെട്ടിരുന്നു. സാധു ജനസംരക്ഷകയും അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കുന്ന മഹതിയുമായിരുന്നു. എപ്പോഴും അന്യരെ സഹായിച്ചിരുന്നു. പരേത ഖിലാഫത്തിനോടുള്ള അനുസരണത്തിലും കൂറിലും എന്നും മുൻപന്തിയിലായിരുന്നു. അല്ലാഹു അവരുടെ മക്കൾക്കും മക്കളുടെമക്കൾക്കും അവരുടെ നന്മകൾ സ്വായത്തമാക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു പരേതയ്ക്ക് മഗ്ഫിറത്തും റഹ്മത്തും നൽകുമാറാകട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ, ഡോക്ടർ ലത്വീഫ് ഖുറയ്ശി സാഹിബിന്റെ മാതാവ് മൻസൂറാ ബുശ്റാ സാഹിബയുടേതാണ്. ഇവർ നവംബർ 6 ന് 97-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഇവർ ഹദ്റത്ത് മസീഹ്മൗഊദ്(അ)ന്റെ സ്വഹാബി, എന്നല്ല സ്വഹാബാക്കളുടെ മകളാണ്. ഹദ്റത്ത് മുൻശീ ഫയാസ് അലി കപൂർത്തലവി സാഹിബിന്റെ ദൗഹിത്രിയും ഹദ്റത്ത് ശെയ്ഖ് അബ്ദുർറശീദ് സാഹിബിന്റെ പൗത്രിയുമാണ്. ചെറുപ്പത്തിൽ ഹദ്റത്ത് അമ്മാജാൻ(റ)നുമായി നല്ല അടുത്ത ബന്ധമായിരുന്നു.

പരേത ഓർമ നഷ്ടപ്പെടുന്നതുവരെ, അവസാന ഘട്ടം വരെയും നമസ്കരിക്കാൻ മറന്നിട്ടില്ല, എം.ടി.എ യിൽ കൃത്യമായി ഖുത്ബ കേട്ടിരുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും വളരെ കൂറുള്ള മഹതിയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു.

ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഡോക്ടർ ലത്വീഫ് ഖുറയ്ശി സാഹിബിന്റെ മാതാവായിരുന്നു. കഴിഞ്ഞ ദിവസം ഡോക്ടർ സാഹിബും ഭാര്യയും വഫാത്തായിരുന്നു. അവർ ജീവിച്ചിരുന്ന കാലമത്രയും മാതാവിന് നല്ലപോലെ സേവനം ചെയ്തിരുന്നു. എന്തായാലും ഇവർ ജീവിച്ചിരുന്ന കാലത്തുതന്നെ രണ്ടുപേരും വഫാത്തായി.

അവരുടെ പൗത്രി അസ്മത്ത് മിർസാ എഴുതുന്നു: എന്റെ മാതാമഹി യഥാർഥ സത്യവിശ്വാസിനിയും അഹ്മദിയ്യത്തിനോടും ഖിലാഫത്തിനോടും സ്നേഹമുള്ള മഹതിയുമായിരുന്നു. അവരേക്കാളും അധികം ഇബാദത്തും ഖുർആനോട് ബന്ധവും സ്നേഹമുള്ള ആരേയും ഞാൻ കണ്ടിട്ടില്ല. നിശബ്ദയും ലളിത സ്വഭാവിയുമായിരുന്നു.

അല്ലാഹു പരേതയ്ക്ക് മഗ്ഫിറത്തും റഹ്മത്തും നൽകുമാറാകട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. ജുമുഅയ്ക്ക് ശേഷം ഞാൻ ഇവരുടെയെല്ലാം ജനാസ നമസ്കരിക്കുന്നതാണ്. ഇൻശാ അല്ലാഹ്. (വിവർത്തകൻ: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി, ടൈപ്സെറ്റിംഗ്: ഹാശിംഅശ്റഫ്, ആലപ്പുഴ)

(പേജ് 1ൽനിന്ന്)

സ്വീകരിച്ചത്. പക്ഷേ, അദ്ദേഹത്തിന്റെ മനസ്സിൽ ദീൻ പഠിക്കുന്നതിനുള്ള ആവേശമുണ്ടായിരുന്നു. അദ്ദേഹം വിശ്വസിച്ചപ്പോൾ നബി(സ)തിരുമേനിയുടെ മജ്ലിസിനെ സംബന്ധിച്ച് അദ്ദേഹം ഇങ്ങനെ പ്രതിജ്ഞ ചെയ്തു, മറ്റുള്ളവർ നബി(സ)തിരുമേനിയുടെ ധാരാളം കാര്യങ്ങൾ കേട്ടിരിക്കുന്നു, എനിക്കാണെങ്കിൽ അവസാനമാണ് വിശ്വസിക്കാൻ തൗഫീഖ് കിട്ടിയത്, അതുകൊണ്ട് ഞാൻ ഇനി നബി(സ)തിരുമേനിയുടെ സത്സംഗം ഉപേക്ഷിക്കുകയില്ല. അങ്ങനെ ഏതുപ്രകാരം ഖുറയ്ശ് മക്കയിൽ വന്ന് ഇരുന്നുവോ അതുപോലെ അദ്ദേഹവും മസ്ജിദിൽ വന്ന് ഇരുന്നു. തന്നെക്കൊണ്ട് ആകുന്നതുപോലെ താൻ ദീനിനു സേവനം ചെയ്യുമെന്നും ഭൗതികമായ ഒരു ജോലിയും ചെയ്യുകയില്ലെന്നും അദ്ദേഹം പ്രതിജ്ഞ ചെയ്തു. അദ്ദേഹത്തിന്റെ ഒരു സഹോദരനും മുസ്ലിമായി കഴിഞ്ഞിരുന്നു. ഇദ്ദേഹമാണെങ്കിൽ തന്റെ എല്ലാ ഇടപാടുകളും ഉപേക്ഷിച്ച് നബി(സ)തിരുമേനിയുടെ അടുത്ത് വന്നിരിക്കുകയായിരുന്നു. അതുകൊണ്ട് കുറച്ചുനാൾ തന്റെ ഈമാനിന്റെ ആവേശത്താൽ തന്റെ സഹോദരന് ഭക്ഷണം എത്തിച്ചുകൊണ്ടിരുന്നു. അറബികളുടെ ജീവിതം വളരെ സാധാരണനിലയിലുളളതായിരുന്നു; അവർ ഈത്തപ്പഴം തിന്ന് വെള്ളം കുടിക്കുമായിരുന്നു. അത് ഭക്ഷണത്തിന് മതിയായതായി കരുതിയിരുന്നു. അല്ലെങ്കിൽ എപ്പോഴെങ്കിലും ഉണക്ക മാംസം കിട്ടിയാൽ അത് തിന്ന് വെള്ളം കുടിക്കുമായിരുന്നു. ചുരുക്കത്തിൽ വളരെ സാധാരണ ജിവിതമായിരുന്നു അവരുടേത്. അദ്ദേഹത്തിന് ഭക്ഷണം എത്തിക്കുക എന്നത് പ്രയാസമുള്ള കാര്യമായിരുന്നില്ല. അങ്ങനെ കുറച്ചുനാൾ തന്റെ ഈമാനിക ആവേശത്താൽ ഭക്ഷണം കൊണ്ടു കൊടുത്തതിനുശേഷം ഹദ്റത്ത് അബൂഹുറയ്റായുടെ സഹോദരൻ പൊറുതിമുട്ടി. (ഹദ്റത്ത് അബൂഹുറയ്റ(റ) ഒരു ക്രൈസ്തവ കുടുംബത്തിൽപ്പെട്ടയാളായിരുന്നു). അദ്ദേഹത്തിന്റെ മാതാവും ക്രിസ്ത്യാനിയായിരുന്നു). അദ്ദേഹത്തിന് ഞെരുക്കം തോന്നിയപ്പോൾ ഒരു ദിവസം അദ്ദേഹം നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി. അയാൾ പറഞ്ഞു:'യാ റസൂലല്ലാഹ്! അങ്ങ് അബുഹുറയ്റായോടു എന്തെങ്കിലും ജോലി ചെയ്യാനും പറയുക. ഇതെന്താണ്, ദിവസം മുഴുവൻ മസ്ജിദിൽ കുത്തിയിരിക്കുകയാണ്. ഒരു ജോലിയും ചെയ്യുന്നില്ല. നബി(സ)തിരുമേനി പറഞ്ഞു, 'അല്ലാഹു അദ്ദേഹം മുഖേന താങ്കൾക്കും ജീവിതവിഭവം നല്കുകയാണോ എന്ന് ആർക്കാണ് അറിയുക?' ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)ഈ സംഭവമാണ് ഞങ്ങളുടെ പരേതനായ മാതാമഹന് കേൾപ്പിച്ചത്. അതിനുശേഷം മാതാമഹൻ ഭൗതിക വിദ്യഭ്യാസത്തിന്റെ തീരുമാനം ഉപേക്ഷിച്ച് അദ്ദേഹത്തെ ഈ ജോലിയിലാക്കി.(തഫ്സീറെ കബീർ, വാള്യം 10, പേജ് 116-117, പ്രസാധനം ഖാദിയാൻ 2010)

## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് സമുറത്തുബ്നു ജുൻദബിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: പ്രസവിച്ചു കിടക്കവെ മരിച്ച ഉമ്മു കഅ്ബിനുവേണ്ടി നബി(സ)നമസ്കരിച്ചപ്പോൾ ഞാൻ അവിടത്തെ പിന്നിൽനിന്ന് നമസ്കരിച്ചു. നബി(സ)തിരുമേനി ആ മയ്യിത്ത് നമസ്കാരത്തിന് നിന്നത് അവരുടെ മധ്യഭാഗത്തായിട്ടായിരുന്നു.'(മുസ്ലിം, ഹദീഥ് 474)**

ത്വാലിബെ ദുആ:
**Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ആഇശ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ഒരു മയ്യിത്തിനുവേണ്ടി മുസ്ലിമീങ്ങളിലെ നൂറാൾവരുന്ന ഒരു സംഘം നമസ്കരിച്ചാൽ-എല്ലാവരും അയാൾക്കുവേണ്ടി അല്ലാഹുവിനോടു ശിപാർശ ചെയ്യുകയാണ്-അവന്റെ കാര്യത്തിൽ ആ ശിപാർശ സ്വീകരിക്കപ്പെടാതിരിക്കുകയില്ല.' (മുസ്ലിം, ഹദീഥ് 482)**

ത്വാലിബെ ദുആ:
**P.Abdul Ameer,Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

### (2019 ജൂലായ് 6 ശനിയാഴ്ച)

ഇവർ അനീതിയോടെ പെരുമാറുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഒരു സാധാരണ വ്യക്തിക്ക് ഇപ്രകാരം സംസാരിക്കാൻ കഴിയില്ല. ഇതേ അനീതികളാണ് മനുഷ്യത്വത്തെ അന്ധകാരത്തിലേക്ക് തള്ളിവിടുന്നതെന്നും ഖലീഫ സൂചിപ്പിച്ചു. ഉപസംഹരിച്ചുകൊണ്ട് ഖലീഫ പറഞ്ഞ കാര്യവും എനിക്ക് വളരെ നന്നായി തോന്നി;ലോകത്തിനു വേണ്ടി സമാധാനത്തിന്റെ നീലാകാശം ഉദിക്കാൻ അദ്ദേഹം ദുആ ചെയ്തു. ഈ വാക്ക് ശ്രവിച്ചപ്പോൾ ഖലീഫ കേവലം മതപരമായ വഴികാട്ടിയും വൈജ്ഞാനിക വ്യക്തിത്വവുമല്ല, മറിച്ച് നല്ല കാവ്യപ്രകൃതിയും അദ്ദേഹത്തിനുണ്ടെന്ന് മനസ്സിലായി.'

★ കുർദിസ്താനിൽനിന്നു വന്ന ഒരു പെൺകുട്ടി പറയുന്നു: 'ഏതാനും വർഷങ്ങൾക്കുമുമ്പേ എന്റെ ഉമ്മ അഹ്മദിയ്യത്ത് സ്വീകരിച്ചു. എന്നാലന്ന് ഞാൻ അതിനു തയ്യാറായിരുന്നില്ല. ഇന്ന് ഹുദൂറിനെ കാണുകയും ഹുദൂറിന്റെ പ്രഭാഷണം കേൾക്കുകയും ചെയ്തിന്നുശേഷം എന്റെ എല്ലാ ഭയവും നീങ്ങി. കഴിഞ്ഞ വർഷവും ഞാൻ വന്നിരുന്നെങ്കിലും ഇന്നുള്ള ഒരവസ്ഥ എനിക്കുണ്ടായിരുന്നില്ല. അദ്ദേഹത്തിൽ നിന്ന് പ്രകാശം നിർഗളിക്കുന്നതായി എനിക്കു തോന്നി. എന്റെ ഉമ്മ വളരെ സന്തോഷിക്കും. കാരണം, ഇപ്പോൾ എനിക്കും അഹ്മദിയാകണം എന്ന വികാരം ശക്തമായി തോന്നിതുടങ്ങിയിരിക്കുന്നു.'

★ ഒരു ജർമൻ പെൺകുട്ടി ഹന ജാകുപി(Hana Jakupi) പറയുന്നു: 'ഖലീഫ കേവലം മതത്തെ കുറിച്ച് സംസാരിക്കാതെ രാഷ്ട്രീയത്തെ കുറിച്ചും സംസാരിച്ചത് എനിക്ക് വളരെ ഇഷ്ടമായി. ഇത് എനിക്ക് ഒരു അത്ഭുതദൃശ്യമാനതത്തിൽ നിന്ന് ഒട്ടും കുറവല്ല. ഒരു മത നേതാവ് ഇങ്ങനെ തുറന്ന് ലോകത്തിന്റെ പ്രശ്നങ്ങളെ കുറിച്ചു സംസാരിക്കുന്നത് എനിക്ക് കാണാൻ കഴിഞ്ഞു. ലോകത്ത് എല്ലാ തിന്മകൾക്കും സംഘർഷങ്ങൾക്കും കാരണം മതമാണെന്ന് ജനങ്ങൾ പറയുന്നു. എന്നാലിത് തികച്ചും തെറ്റാണെന്ന് അദ്ദേഹം സ്ഥാപിച്ചിരിക്കുന്നു. ഈ യുദ്ധങ്ങൾ യഥാർഥത്തിൽ ഭൗതിക താൽപര്യങ്ങൾക്ക് ചുറ്റും കറങ്ങുന്നു. അല്ലെങ്കിൽ സാമൂഹിക കാരണങ്ങളാണ്. ഇവിടെ ജനങ്ങൾ അനീതികൾക്കെതിരെ ശബ്ദമുയർത്തുകയാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം വർത്തമാനകാലത്തിന്റെ സുപ്രധാന ആവശ്യമായിരുന്നു. അദ്ദേഹത്തിന്റെ വിനയം വളരെ ഇഷ്ടമായി. ഖലീഫയുടെ പ്രഭാഷണത്തിന്റെ അവസാന ഭാഗം വളരെ സ്വാധീനമുളവാക്കി. ഖലീഫക്ക് മനുഷ്യകുലത്തോടുള്ള സ്നേഹം എനിക്ക് മനസ്സിലാക്കാൻ സാധിച്ചു.

★ അസ്മാ കഫ്താറുദ സാഹിബ പറയുന്നു: 'അതിഥികളോട് ഖലീഫ ഇംഗ്ലീഷിൽ ചെയ്ത പ്രഭാഷണത്തിനുശേഷം എന്റെ അവസ്ഥതന്നെ മാറിപോയി. എനിക്ക് എന്റെ ഉള്ളിൽ പുതിയൊരു പ്രതീക്ഷ നാമ്പിട്ടതായി തോന്നി. അദ്ദേഹം ചെയ്യുന്ന ഈ പ്രവൃത്തി ഉന്നതനായ ദൈവത്തിന്റെ സവിധത്തിൽ വളരെ ഉന്നതവും ശ്രേഷ്ഠതരവുമാണ്. ഖലീഫയെ ഒരു ഉന്നത ശ്രേണിയിലുള്ള നേതാവും പ്രഭാഷകനും വിശ്വാസിയുമായി കാണാൻ സാധിക്കുന്നു.'

### 2019 ജൂലൈ 07 - ഞായറാഴ്ച

ഹുദൂർ അൻവർ 04.15-ന് സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങി. രാവിലെ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി.

ഇന്ന് ജർമൻ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാ സാലാനയുടെ മൂന്നാം ദിവസമായിരുന്നു. 03.45 ന് ഹുദൂർ പുരുഷന്മാരുടെ ജൽസാ ഗാഹിലെത്തി. ബയ്അത്ത് പരിപാടി നടന്നു. ഈ അഖിലലോക പരിപാടി എം.ടി.എ മുഖേന തൽസമയം ലോകം മുഴുവനും സംപ്രേഷണം ചെയ്യപ്പെട്ടു. ഇപ്രകാരം ലോകത്തിലെ സർവ ജമാഅത്തുകൾക്കും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് ഒരിക്കൽകൂടി ബയ്അത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചു.

ഹുദൂറിന്റെ അനുഗൃഹീത കൈയിൽ ജർമനി, ഗാംബിയ, ചെച്നിയ, സിറിയ, ലബനാൺ, റുമാനിയ, ബെൽജിയം, സെനിഗൾ, ഗിനി കൊണാക്രി, ഉസ്ബക്കിസ്ഥാന്, ഹോളണ്ട്, തുർക്കി, സെർബിയ, കൊസോവൊ, ഘാന, അൽബേനിയ എന്നീ രാജ്യങ്ങളുമായി ബന്ധമുള്ള 37 ആളുകൾ ബയ്അത്ത് ചെയ്ത് സായൂജ്യമടഞ്ഞു. ഒടുവിൽ ഹുദൂർ ദുആയ്ക്ക് നേതൃത്വം നല്കി. തുടർന്ന് ളുഹ്ർ- അസ്ർ നമസ്കാരം ജംആക്കി നിർവഹിച്ചു. ശേഷം ജൽസാ ഗാഹിലെ സ്റ്റേജിലേക്ക് ഹുദൂർ ആഗതരായപ്പോൾ അന്തരീക്ഷമാകെ മുദ്രാവാക്യങ്ങളാൽ മുഖരിതമായി.

സമാപന പരിപാടി ആദരണീയനായ മുബല്ലിഗ് സിൽസില മുഹമ്മദ് ഇൽയാസ് മുനീർ സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ചു. തുടർന്ന് ഉർദു തർജമ കേൾപ്പിക്കപ്പെട്ടു. അതിനുശേഷം മുർതളാ മന്നാൻ സാഹിബ് പദ്യാലാപനം നടത്തി.

ഹർ ത്വറഫ് ഫിക്ർ കൊ<br>
ദൌഡാകെ ഥകായ ഹം നേ<br>
കോയി ദീൻ ദീനെ മുഹമ്മദ് സാ<br>
ന പായാ ഹം നേ.

നാനാഭാഗത്തേക്കും എന്റെ ചിന്തയെ ഓടിച്ച് നാം ക്ഷീണിപ്പിച്ചു. മുഹമ്മദിന്റെ(സ)ദീനിനെ പോലെ മറ്റൊരു ദീനും നമുക്ക് കാണാൻ കഴിഞ്ഞില്ല.

തുടർന്ന് ജർമനിയിലെ ഒരു സംസ്ഥാനമായ തൂറിൻഗിയാൻ(Thuringian) സ്റ്റേറ്റിന്റെ സെക്രട്ടറി ഫോഷറപ കൾച്ചർ ആന്റ് യൂറോപ്പ് ഡോക്ടർ ബാബെറ്റെ വിന്റർ(Babette Winter) സദസ്സിനെ അഭിമുഖീകരിച്ചു. പിന്നീട് സിറിയയിലെ ഒരു അറബ് സ്കോളറായ ഡോക്ടർ മുഹമ്മദ് ഹുബ്ശ് സാഹിബും സദസ്സിനെ സംബോധനചെയ്തു.

ശേഷം വിദ്യാഭ്യാസരംഗത്ത് ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് അവാർഡുകളും മെഡലുകളും ഹുദൂർ അൻവർ തന്റെ അനുഗൃഹീത കരങ്ങൾകൊണ്ട് നല്കി. 53 വിദ്യാർഥികൾ ഇതിൽ ഉൾപ്പെടുന്നു. ഇതിൽ 41 കുട്ടികൾ ജർമനിയിൽ നിന്നുമുള്ളവരാണ്. പാക്കിസ്താൻ, തുർക്കി, സ്വിറ്റ്സർലൻഡ്, ലിത്വാനിയ, സ്പെയിൻ, ബുർക്കിനാ ഫാസോ, ബെനിൻ, ബെൽജിയം എന്നീ രാഷ്ട്രങ്ങളിൽനിന്ന് ഓരോരുത്തരും സ്വീഡൻ, ഫിൻലൻഡ് എന്നീ രാഷ്ട്രങ്ങളിൽനിന്ന് ഈരണ്ടു വിദ്യാർഥികളും ഇതിൽ ഉൾപ്പെടുന്നു. ചുവടെ ചേർക്കുന്നവരാണ് ആ സൗഭാഗ്യവാന്മാരായ വിദ്യാർഥികൾ. (ജർമനി)

1. കലീം അഹ്മദ് സയ്യിദ്(ജർമനി) -Specialization in Surgery
2. മുഹമ്മദ് മുഹ്സിൻ ഭട്ടി(ജർമനി) -Specialization in Internal Medicine
3. ആമിർ ഇംറാൻ(ജർമനി) -Specialization in General Surgery
4. ഡോക്ടർ മുഅ്തമിദ് അഹ്മദ് (ജർമനി) -Specialization in Internal Medicine
5. ഡോക്ടർ മുഅ്തമിദ് അഹ്മദ് (ജർമനി) -Ph.D in Medical
6. അലി വജാഹത്ത്(ജർമനി) -Ph.D in Dentistry
7. അബ്ദുൽ അളീം(ജർമനി) -Ph.D in Mechanical Engineering
8. ഇർഫാൻ അഹ്മദ് ഭട്ടി(ജർമനി) -State Examination in Medicine
9. അഹ്മദ് റാണ(ജർമനി) -State Examination in Medicine
10. വലീദ് അഹ്മദ് ഖാൻ മലിക്(ജർമനി) -M.A. in peace and Conflict Studies
11. കഫീൽ അർശദ്(ജർമനി) -M.Sc in Electrical Engineering, Information Technology & Business Management
12. കലീം അഹ്മദ് ശെയ്ഖ്(ജർമനി) -M.Sc in Chemistry
13. സജീൽ അസ്‌ലം കാഹ്‌ലോൺ(ജർമനി) -M.Sc in Business Analystics
14. സമീഉല്ലാഹ് വാഹില(ജർമനി) -M.A. in International Management
15. ഖാസിദ് അഹ്മദ് (ജർമനി) -M.Sc in Applied Geo Science
16. വസീം അഹ്മദ് മിർസാ(ജർമനി) -MBA
17. മുദ്ഥിർ ശക്കീൽ(ജർമനി) -M.Sc in Electrical Engineering & Information Technology
18. ഹസൻ ത്വാരിഖ്(ജർമനി) -M.Sc in Management
19. മുബശ്ശിർ അഹ്മദ് മിൻഹാസ്(ജർമനി) -M.Sc in Polymer Material Science
20. സഫീർ അഹ്മദ് (ജർമനി) -M.Sc in Power Engineering
21. ദാനിശ് ഇഖ്ബാൽ റാണ(ജർമനി) -M.Sc in Agro Bio Technology
22. സുഹയ്ൽ മഖ്സൂദ്(ജർമനി) -M.Sc in Business informatics
23. മുനീബ് ആബിദ്(ജർമനി) -M.Sc in Energy Science & Technology
24. ത്വാഹിർ മഹ്മൂദ്(ജർമനി) -M.Sc in Electrical Engineering
25. അർസലാൻ അഹ്മദ് ത്വാഹിർ(ജർമനി) -M.Sc in Construction & Real Estate Management
26. നവീദ് ഖാൻ മലിക്(ജർമനി) -B.Sc in Software Engineering
27. സർമദ് അഹ്മദ് ബാജ്‌വ(ജർമനി) -B.Sc in International Business Information Systems
28. കലീം അഹ്മദ് (ജർമനി) -B.A in Business informatics
29. ദീശാൻ അജ്മൽ(ജർമനി) -B.A. in Public Adminstration & Police Management.
30. ഫുവാദുദ്ദീൻ അഹ്മദ് (ജർമനി) -Bachelor of Engineering in Electrical Engineering
31. സ്വഫ്‌വാന് ഖാലിദ്(ജർമനി) -Bachelor of Engineering in Urban Planning
32. മുഹമ്മദ് ഹുബ്ശ്(ജർമനി) -B.A in Social Works
33. ഉസാമ അഹ്മദ് (ജർമനി) -B.Sc in Physics
34. നവീദ് അഹ്മദ്(ജർമനി) -B.A in Business Administration
35. അഹ്മദ് കാംറാൻ ലോൺ(ജർമനി) -B.A in Business Administration
36. ഹംസ അലി മലിക്(ജർമനി) -B.A in Film & T.V
37. നബീൽ അഹ്മദ് (ജർമനി) -B.Sc in Administration
38. ആമിർ ഖാൻ(ജർമനി) -A-level Abitur
39. യൂനുസ് ലത്വീഫ് ഹയ്യ്(ജർമനി) - A-level Abitur
40. ശാഹ് സയ്ൻ മൻസ്വൂർ(പാക്കിസ്താൻ)- Masters in Mechanical Engineering
41. ജവാദ് സഫർ(ബെൽജിയം)-M.Sc in Architecture
42. അമ്മാർ അഹ്മദ് (ജർമനി)- M.Sc in Management of innovation

43. സയ്യിദ് അബ്ദുസ്സമദ്(ഫിൻലാൻഡ്)–M.Sc in information Technology

44. സുഹയ്ബ് അഹ്മദ്.(തുർക്കി)–M.Sc in Data Science

45. ശഹ്രിയാര് അഹ്മദ് മലിക്(സ്വിറ്റ്സർലന്റ്) –M.A in Business Management

46. മസ്റൂര് അഹ്മദ് ഖമർ(ലിത്വാനിയ)–Bachelor of Nursery in General Practice Nursing

47. അദീൽ അഹ്മദ് (ജർമനി)–B.Sc (Honours) in Mechatronics Engineering

48. റഈസ് അഹ്മദ് (ഫിൻലാൻഡ്)–Bachelor of Nursing in Social & Health Care

49. കാശിഫ് മഹ്മൂദ് വറക്(സ്വീഡൻ).–Bachelor in History of Religion

50. ഉമർ തൻവീർ ബട്ട് റമീസ്(സ്പെയിൻ)–A-Levels

51. ഹംസ ഹയാത്ത്(സ്വീഡൻ)–International Baccalaureate Bilingual Diploma

52. മിർസാ ഈഖാൻ–––(ബുർക്കിനോ ഫാസോ) –Baccalaureate F.A

53. ഖാഖാൻ അഹ്മദ് ആരിഫ്(ബെനിൻ)– Baccalaureate

അവാർഡ് വിതരണ ചടങ്ങിനുശേഷം 05.18–ന് ഹുദൂർ അയ്യദഹുല്ലാഹ് സമാപന പ്രഭാഷണം നടത്തി.

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹായും ഓതിയതിനുശേഷം അഹ്സാബ് അധ്യായത്തിലെ 22–ാമത്തെ വചനം പാരായണം ചെയ്തു. അതിന്റെ തർജ്ജമയും കേൾപ്പിച്ചു. തുടർന്ന് അമീറുൽമുഅ്മിനീൻ പറഞ്ഞു:

ഇസ്‌ലാമികാധ്യാപനങ്ങളെ കുറിച്ചുള്ള അറിവ് കുറവായ കാരണത്താൽ മുസ്‌ലിമീങ്ങളെ സംബന്ധിച്ച് അമുസ്‌ലിം ലോകത്ത് അഥവാ പാശ്ചാത്യ ലോകത്തിലും പുരോഗതി കൈവരിച്ച രാജ്യങ്ങളിലും കൂടുതൽ ആശങ്കകൾ നിലനില്ക്കുന്നുണ്ട്. ഇതിന്നുപരിയായി ചില മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്നുമുള്ള തീവ്രവാദ പ്രവർത്തനങ്ങളും നിയമം കൈയിലെടുക്കുന്നതുപോലുള്ള പ്രവണത കളും ഇസ്‌ലാം തീവ്രതയുടെ മതംതന്നെ എന്ന വിശ്വാസത്തിന് ജനമനസ്സുകളിൽ ആക്കം കൂട്ടുകയും ചെയ്തു. ഇന്ന് ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ ലോകത്ത് വ്യാപിപ്പിക്കാനും തെറ്റായ ധാരണകളെ നീക്കാനുമുള്ള ദൗത്യം നബി(സ)തിരുമേനിയുടെ സത്യദാസനായ മസീഹ് മൗഊദിന്റേയും മഹ്ദിയുടേയും ജമാഅത്തിനെയാണ് ഏല്പ്പിച്ചിരിക്കുന്നത്. ഇതിനുവേണ്ടി ഓരോ അഹ്മദിയും സമ്പൂർണ ശ്രമം നടത്തേണ്ട ആവശ്യമുണ്ട്. പത്രങ്ങൾ പറയുന്ന കാര്യങ്ങൾ നൂറു ശതമാനവും സത്യമാണെന്ന് അതു കേൾക്കുന്ന പൊതു ജനം മനസ്സിലാക്കുന്നു. ലോകത്തെ ഭൂരിപക്ഷം ജനങ്ങൾക്കും മതത്തിനോട് വലിയ താല്പര്യമൊന്നുമില്ല. ഈ സാഹചര്യത്തിൽ വളരെ കഠിനപരിശ്രമത്തിലൂടെ ഇസ്‌ലാമിന്റെ സുന്ദര അധ്യാപനം ലോകരോടു പറയുക വളരെ ദുഷ്കരമായൊരു ദൗത്യമാണ്.

നമ്മുടെ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: അല്ലാഹു മനുഷ്യജീവിതത്തിന്റെ യഥാർഥ ലക്ഷ്യം ആരാധനയാണെന്ന് നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ യജമാനരായ നബി(സ)തിരുമേനി സ്വന്തം ജീവിതലക്ഷ്യം, അല്ലാഹുവിനെ ആരാധിക്കുക എന്നതാണെന്നും അതിലേക്ക് ഓരോ വിശ്വാസിയും ശ്രദ്ധ പുലർത്തേണ്ടതാണെന്നും ആ ലക്ഷ്യം നേടുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടതാണെന്നും അല്ലാഹു പറഞ്ഞുവെന്ന് മാത്രമല്ല പറഞ്ഞത് മറിച്ച്, അവിടന്ന് തന്റെ ആരാധനയുടെ നിലവാരം സ്ഥാപിച്ചുകൊണ്ട് അല്ലാഹു നല്കിയ അതിന്റെ സ്വീകാര്യതയുടെ അംഗീകാരപത്രവും നമ്മുടെ മുമ്പിൽ സമർപിക്കുകയുണ്ടായി. അല്ലാഹു പറയുന്നു: *അല്ലദീ യറാക്ക ഹീന തഖൂമു വ തഖല്ലുബക്ക ഫി സ്സാജിദീൻ* അതായത് നീ(തനിയെ നമസ്കാരത്തിനായി) നിൽക്കുമ്പോൾ നിന്നെ കാണുന്നവനത്രെ അവൻ. സാഷ്ടാംഗം പ്രണമിക്കുന്നവരുടെ ഇടയിലുള്ള നിന്റെ ചലനങ്ങളേയും (അവൻ കാണുന്നു).(26:219–220)

ഹുദൂർ പറഞ്ഞു:ആരുടെ ഹൃദയത്തിലാണോ മനുഷ്യത്വത്തിനുവേണ്ടി ഈ വേദന നിറഞ്ഞ ഒരു അവസ്ഥ കുടികൊള്ളുന്നത് അവന്ന് മറ്റുള്ളവരെ ദ്രോഹിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. നബി(സ) തിരുമേനി ദൈവത്തിനെ ആരാധിക്കുന്നതിലും അവന്റെ സൃഷ്ടികൾക്ക് സേവനം ചെയ്യുന്നതിലും അതിനുവേണ്ടിയുള്ള വേദനയിലും ജീവിതത്തിന്റെ ഓരോ നിമിഷങ്ങളും കഴിച്ചുകൂട്ടി. അദ്ദേഹത്തിന്റെ ആരാധനയുടെ അവസ്ഥ ചില അവസരങ്ങളിൽ കാണാനുള്ള അവസരം അനുയായികൾക്കും ലഭിച്ചിരുന്നു. ഒരു സ്വഹാബി പറയുന്നു: 'ഞാൻ നബി(സ)തിരുമേനി നമസ്കരിക്കുന്നത് കണ്ടു. അതികഠിനമായ സങ്കടം കാരണത്താൽ അവിടത്തെ നെഞ്ചിൽനിന്ന് ആട്ടുകല്ല് ചലിക്കുന്നതുപോലുള്ള ശബ്ദം പുറപ്പെട്ടിരുന്നു. ഈ പ്രാർഥനകൾ എന്തായിരുന്നു? ഇത് അല്ലാഹുവിന്റെ അഭയത്തിൽ നിലനില്ക്കാനുള്ള പ്രാർഥനകളായിരുന്നു. ഇത് ഉമ്മത്തിനുവേണ്ടിയുള്ള പ്രാർഥനകളായിരുന്നു. ഇതു മനുഷ്യകുലത്തെ നാശത്തിൽ നിന്ന് രക്ഷിക്കാൻ വേണ്ടിയുള്ള പ്രാർഥനകളായിരുന്നു. അക്കാലഘട്ടത്തിൽ വിപ്ലവം സൃഷ്ടിച്ചത് നബി(സ)തിരുമേനിയുടെ ഈ പ്രാർഥനകളായിരുന്നു. നൂറ്റാണ്ടുകളായി മൃതരായി കിടന്നവർ ജീവിതം പ്രാപിച്ചുകൊണ്ട് ദൈവത്തിന്റെ യഥാർഥ ആരാധകരായി മാറി. സ്വീകാര്യതയുടെ പദവി പ്രാപിച്ച നബി(സ)തിരുമേനിയുടെ പ്രാർഥനകൾ തന്നെയായിരുന്നു വഴികേടിലായ ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന്നായി അവിടത്തെ യഥാർഥ സേവകനായ വാഗ്ദത്ത മസീഹിനെ നിയോഗിതനാക്കിയതും.

സ്വന്തം ആരാധനകളുടെ നിലവരം ഉയർത്തുക എന്നത് ഇന്ന് അഹ്മദികളായ നമ്മുടെ ഉത്തരവാദിത്വമാണ്. ദൈവസവിധത്തിൽ ഈ ചര്യകളനുസരിച്ച് നടക്കാൻ ശ്രമിച്ചുകൊണ്ട് സുജൂദുകളെ വ്യക്തി താൽപര്യങ്ങൾ പൂർത്തീകരിക്കാൻ മാത്രം അതു ചെയ്യാതെ അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിക്കാൻവേണ്ടി ചെയ്യുക. നബി(സ)തിരുമേനിയുടെ പതാക ലോകത്ത് ഉയർത്താനും അല്ലാഹുവിന്റെ യഥാർഥ ദാസനാകാനും മനുഷ്യകുലത്തെ സ്രഷ്ടാവായ ദൈവവുമായി അടുപ്പിക്കാനും ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കാനും വേണ്ടി സുജൂദുകൾ ചെയ്യുക.

ഹുദൂർ പറഞ്ഞു: കൂടാതെ അല്ലാഹുവിലുള്ള ഭരമേല്പിക്കലിന്റെ വിഷയത്തിലും നബി(സ)തിരുമേനിയുടെ മാതൃകകൾ മഹോന്നതങ്ങളാണ്. അല്ലാഹു പറയുന്നു: *വ തവക്കൽ അലല്ലാഹി വ കഫാ ബില്ലാഹി വക്കീലാ* നീ അല്ലാഹുവിൽ ഭരമേല്പിക്കുകയും ചെയ്യുക. കാര്യനിർവാഹകനായി അല്ലാഹു മതി.(4:82) ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളും നബി(സ)തിരുമേനിയുടെ ഈ മാതൃകകൾ നമുക്ക് കാണാൻ കഴിയുന്നു. എന്നു മാത്രമല്ല, മരണാസന്നനായ നേരത്തുപോലും താൻ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകുമ്പോൾ അവനിൽ ഭേരമേല്പിക്കുന്നതിൽ എന്തെങ്കിലും കുറവുണ്ടാകുന്ന അവസ്ഥയിലായിപ്പോകുമോ എന്ന ചിന്തയായിരുന്നു നബി(സ)തിരുമേനിക്കുണ്ടായിരുന്നത്. ഹദ്റത്ത് ആഇശ (റ) പറയുന്നു:

'എന്റെ കൈയിൽ നബി(സ)തിരുമേനി ഏഴോ എട്ടോ ദീനാർ തന്നിരുന്നു. രോഗാസന്നനായപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ആഇശാ, നിന്റെ കൈയിലുണ്ടായിരുന്ന നാണയത്തിന്റെ അവസ്ഥ എന്താണ്?' 'അതെന്റെ കൈയിലുണ്ടെന്ന് ഞാൻ പറഞ്ഞു.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ആഇശാ, നീ അത് ദാനം ചെയ്തേക്കുക.' അതിനുശേഷം ഹദ്റത്ത് ആഇശ(റ) മറ്റേതോ പ്രവൃത്തിയിൽ ആയിപ്പോയി. പിന്നീട് നബി(സ)തിരുമേനി, ഓർമ വന്നപ്പോൾ അത് ദാനം ചെയ്തുവോ എന്നന്വേഷിച്ചു. ചെയ്തിട്ടില്ലെന്ന് ആഇശ(റ) പറഞ്ഞു. അതുടനെ തനിക്ക് തരാൻ അവിടന്ന് പറഞ്ഞു. ഹദ്റത്ത് ആഇശ(റ) നാണയങ്ങൾ എടുത്തുകൊണ്ടു വന്നപ്പോൾ തന്റെ കൈയിലെടുത്ത് എണ്ണിക്കൊണ്ടു പറഞ്ഞു: 'ലോകത്ത് നിന്ന് വിടപറയുകയും ദൈവവുമായി കാണുകയും ചെയ്യുന്ന നേരത്ത് മുഹമ്മദിന്റെ കൈയിൽ ഈ ദീനാറുകൾവച്ചുകൊണ്ട് തന്റെ നാഥനിൽ എന്തു സമർപണമാണുള്ളത്? അതു കഴിഞ്ഞ് അവിടന്നുതന്നെ ആ ദീനാറുകൾ ദാനം ചെയ്തു. എന്നാൽ, അവിടന്ന് മറ്റുള്ളവർക്ക് നല്കിയ ഉപദേശം താൻ അല്ലാഹുവിന്റെ നബിയും അവന് പ്രിയപ്പെട്ടവനുമാണെന്നും ഇത് തന്നോടുള്ള പെരുമാറ്റമാണെന്നുമായിരുന്നു. അവിടന്ന് പറഞ്ഞു: 'നിങ്ങളും അല്ലാഹുവിൽ ഭരമേൽപ്പിക്കുക.' എന്നാൽ, സ്വന്തം മക്കളെ പട്ടിണിയിൽ നിന്നും ദാരിദ്ര്യത്തിൽനിന്നും രക്ഷിക്കാൻ, നിങ്ങളുടെ കൈയിൽ സ്വത്തോ തുകയോ ഉണ്ടെങ്കിൽ അത് അവർക്കുവേണ്ടി വിട്ടേക്കാനും അവിടന്ന് നിർദേശിക്കുകയുണ്ടായി. മൂന്നിലൊന്നിൽ കൂടുതൽ വസ്വിയ്യത്ത് ചെയ്യാനുള്ള അനുമതി നല്കിയില്ല. അതുകൊണ്ടുതന്നെ അല്ലാഹു അനന്തരാവകാശത്തിന്റെ മാർഗങ്ങളെ കുറിച്ച് വിശദീകരിച്ചിരിക്കുന്നു. എന്നാൽ അതിനോടൊപ്പം തന്നെ നബി(സ)തിരുമേനി ഇങ്ങനേയും പറഞ്ഞു:'മനുഷ്യന്റെ മനസ്സിന്റെ ഓരോ താഴ്‌വരയിലും ഓരോ പാറക്കെട്ടുണ്ട്. ഓരോ മനുഷ്യന്റേയും മനസ്സിൽ ഓരോ പാറക്കെട്ടുണ്ട്; ഒരു താഴ്‌വരയുമുണ്ട്. ആരുടെ മനസ്സ് ഈ പാറക്കെട്ടുകളിൽതന്നെ കുടുങ്ങിക്കിടക്കുന്നുവോ ഏത് താഴ്‌വരയിൽ വീണ് നശിച്ചൊടുങ്ങിയാലും അല്ലാഹു തെല്ലും അവരെ പരിഗണിക്കുകയില്ല. അല്ലാഹുവിൽ സകലതും ഭരമേല്പിക്കുന്നവരെ അവൻ ആ പാറക്കെട്ടുകളിൽനിന്നും താഴ്‌വരയിലേക്ക് വീഴാതെ രക്ഷപെടുത്തുന്നു. ഇസ്‌ലാം ഭൗതിക പ്രവൃത്തികൾ ചെയ്യാനും അനുവാദം നല്കിയിരിക്കുന്നു. എന്നാൽ, രാവും പകലും കേവലം സ്വത്തുക്കൾ ഉണ്ടാക്കുന്നതിലും ഭൗതിക പ്രവൃത്തിയിൽതന്നെ കഴിച്ചു കൂട്ടുന്നതിനെയുമാണ് അവൻ വിലക്കുന്നത്. അല്ലാഹുവിനെ ആരാധിക്കണമെന്നും അവനിൽ സർവതും ഭരമേല്പിക്കണമെന്നുമുള്ള അടിസ്ഥാന കാര്യത്തിലേക്കാണ് അവൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഇതുണ്ടെങ്കിൽ ഭൗതികമായ പ്രതിബന്ധങ്ങളിൽനിന്നും മനുഷ്യൻ രക്ഷപെടുന്നതാണ്.

ഹുദൂർ തുടർന്നു പറഞ്ഞു: ഉന്നതമായ സ്വഭാവ വിശേഷണങ്ങളിലെ മറ്റൊരു ഗുണം നന്ദി പ്രകടനമാണ്. ഈ ഉന്നത ഗുണത്തിന്റെ നിലവാരത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ യജമാനരായ മുഹമ്മദുനബി(സ)യുടെ മാതൃക എന്തായിരുന്നു. ദൈവത്തിന്റെ നന്ദിയുള്ള ദാസനായി തീരുന്നതിനുള്ള അവസരങ്ങൾ അന്വേഷിക്കുന്നതിലായിരുന്നു അവിടന്ന് എപ്പോഴും. നബി(സ)തിരുമേനി ഈ ലക്ഷ്യപൂർത്തീകരണത്തിനു വേണ്ടി ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നുവെന്ന് ഹദീഥിൽ വന്നിരിക്കുന്നു: 'എന്റെ അല്ലാഹുവേ, നിന്നോടു നന്ദി കാണിക്കുന്നവനും അധികമധികമായി നിന്നെ സ്മരിക്കുന്നവനുമാക്കി എന്നെ നീ മാറ്റേണമേ.'

മറ്റൊരു റിപ്പോർട്ടിൽ ചില വാക്കുകൾ കൂടുതലായി വന്നിട്ടുണ്ട്: 'അല്ലാഹുവേ, നിന്നോട് ഏറ്റവുമധികം നന്ദി കാണിക്കുന്നവനും നിന്റെ ഉപദേശങ്ങളെ പിൻപറ്റുന്നവനും നിന്റെ വസ്വിയ്യത്തുകളെ ഓർക്കുന്നവനുമാക്കേണമേ. എത്ര വലിയ വിനയത്തിന്റെ സ്ഥാനമാണത്. ലോകത്തിലെ ഏറ്റവും വലിയ നന്ദിയുള്ള മനുഷ്യൻതന്നെ ഏറ്റവുമധികം നന്ദിയുള്ള വ്യക്തിയാക്കേണമേ എന്നു ദുആ ചെയ്യുന്നതാണ് നമ്മൾ ഇവിടെ കാണുന്നത്.

**(തുടരും)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 14 January 2021 Issue-2

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

സൗന്ദര്യവും അർഥഗാംഭീര്യവുമുള്ള ഒരുവരി കവിത ഇയാളെഴുതിയിട്ടുള്ളതും ആരെങ്കിലും കാണുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ടോ? ഇയാൾക്കതിന് കഴിവുണ്ടെന്ന് ഞാൻ ഒരിക്കലുമൊരിക്കലും കരുതുന്നില്ല; അല്ലെങ്കിൽ സാഹതീയ സൗന്ദര്യത്തോടും അർഥഗാംഭീര്യത്തോടുംകൂടി ഒരുവരി അറബിയിൽ എഴുതാൻ കഴിയുമെന്ന്! അതേ! തീർച്ചയായും ഉർദു വായിക്കുന്നയാളാണ്.'(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ, വാള്യം 7, പേജ് 64)

ഇനി ഞാൻ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ 'പാണ്ഡിത്യ'ത്തിന്റെ ഒരു സംഭവം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ 'റാസെ ഹഖീഖത്ത്' റൂഹാനീ ഖസാഇൻ വാള്യം 14ൽ നിന്നുള്ളളത് അവതരിപ്പിക്കുകയാണ്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1898 നവംബർ 21 ന് ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ സംബോധന ചെയ്തെഴുതി: 'ഇപ്പോൾ താങ്കൾ സംവാദങ്ങൾകൊണ്ട് എന്തെങ്കിലും കാര്യം അംഗീകരിക്കുമെന്നുള്ള കാര്യത്തിൽ പൂർണമായും പ്രതീക്ഷ നഷ്ടപ്പെട്ടിരിക്കുന്നു; തെളിവില്ലാതെ താങ്കൾ പറയുന്ന കാര്യങ്ങൾ നമുക്കും അംഗീകരിക്കാൻ പറ്റില്ല. അതുകൊണ്ട് താങ്കൾ 'മുബാഹല' ചെയ്ത് തീരുമാനമെടുക്കുന്നതാണ് നല്ലത്. കാരണം ഏതെങ്കിലും തരത്തിൽ കലഹത്തിന് തീരുമാനമെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, അവസാനത്തെ മാർഗം അല്ലാഹുവിന്റെ വിധിയാണ്. അതിനാണ് മുബാഹല എന്നു പറയുന്നത്. മുബാഹലയുടെ ശക്തി പ്രകടമാകുന്നതിന് അവിടന്ന് ഒരു വർഷത്തെ കാലാവധിയും നിശ്ചയിച്ചു. മുഹമ്മദ് ഹുസയ്ൻ ബട്ടാലവി മുബാഹല സ്വീകരിച്ചില്ല. മുബാഹലയുടെ ഫലം വെളിപ്പെടുന്നതിന് മൂന്നുദിവസം കാലാവധിയായിരിക്കണമെന്നുള്ള ഒഴികഴിവ് പറഞ്ഞു. അതിനുശേഷം പ്രകടമാകുന്ന ഒരു ഫലവും മുബാഹലയുടെ ഫലമാണെന്ന് അംഗീകരിക്കാൻ സാധ്യമല്ല. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി: 'മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സദുദ്ദേശ്യത്തോടെ മുബാഹലയുടെ രംഗത്ത് വരുന്നതിനു പകരം വൃത്തികെട്ടതും തെറികൾ നിറഞ്ഞതുമായ വിജ്ഞാപനമെഴുതി മുഹമ്മദ് ബഖ്ശ് ജഅ്ഫർ സട്ട്ലി, അബുൽ ഹസൻ തിബ്തി എന്നിവരുടെ പേരിൽ അച്ചടിക്കുക എന്ന മാർഗമാണ് സ്വീകരിച്ചത്.' ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു: 'ഈ നേരത്ത് ആ വിജ്ഞാപനം എന്റെ മുമ്പിൽ ഞാൻ വെച്ചിരിക്കുകയാണ്. എന്റേയും മുഹമ്മദ് ഹുസയ്ന്റേയുമിടയിൽ വിധി പറയാൻ ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തു. ഞാൻ ചെയ്ത ആ ദുആ ഇതാണ്, പ്രതാപവാനായ എന്റെ രക്ഷിതാവേ! ഞാൻ നിന്റെ ദൃഷ്ടിയിൽ മുഹമ്മദ് ഹുസയ്ൻ ആവർത്തിച്ചാവർത്തിച്ച് തന്റെ പ്രസിദ്ധീകരണമായ ഇശാഅത്തുസുന്നയിൽ എന്നെക്കുറിച്ച് പ്രസിദ്ധീകരിച്ചിച്ചുള്ളതുപോലെയാണെങ്കിൽ, നിന്ദ്യതയുടെ നാശം എന്നിൽ ഇറക്കുകയും അവരുടെ മാന്യതയും ആത്മീയതയും പ്രകടമാക്കുകയും ചെയ്താലും. പക്ഷേ, എന്റെ യജമാനരായുള്ളോവേ! എന്റെ മൗലാ നിന്റെ സന്നിധിയിൽ എനിക്കെന്തെങ്കിലും ആദരവുണ്ടെങ്കിൽ ഞാൻ വിനയത്തോടെ ദുആ ചെയ്യുകയാണ്, 'എന്നെ നിന്ദിതനാക്കാൻവേണ്ടി ഈ നോട്ടീസിറക്കിയ ശെയ്ഖ് മുഹമ്മദ് ഹുസയ്നേയും ജഅ്ഫർ സട്ട്ലിയേയും പ്രസ്താവിക്കപ്പെട്ട തിബ്തിയേയും നിന്ദ്യതയുടെ പ്രഹരത്താൽ ലോകത്ത് അപമാനിതരാക്കിയാലും.' ഈ ദുആയുടെ മറുപടിയിൽ അല്ലാഹു മസീഹ് മൗഊദ്(അ)ന് ഇൽഹാം നല്കി പറഞ്ഞു, 'ഞാൻ അക്രമിയെ നിന്ദിതനും അപമാനിതനുമാക്കും. അയാൾ ഖേദിക്കുന്നതായിരിക്കും.' ആ ഉർദു ഇൽഹാമിനോടൊപ്പം ഉണ്ടായ അറബി ഇൽഹാമും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി. അവയിലെ ഒരു കഷണം ഇൽഹാം ഇങ്ങനെയുമായിരുന്നു. 'അതഅ്ജബൂ ലിഅംരീ.' ഹുദൂർ(അ) പറഞ്ഞു, 'ഇനി തീരുമാനം അല്ലാഹു തന്റെ കൈയിലെടുത്തിരിക്കുകയാണ്.' അതിന്റെ ചുരുക്കമിതാണ്. ഇരുകക്ഷികളിൽ ആരാണോ കളവ് പറയുന്നവൻ, അവൻ നിന്ദിതനാകും.

അല്ലാഹുവിന്റെ മഹിമാവിലാസം നോക്കുക. അദ്ദേഹം ഒരു വർഷമല്ല മൂന്ന് ദിവസത്തിനുള്ളിൽ മുബാഹലയുടെ ഫലം പ്രകടമാകണമെന്ന് പറഞ്ഞ് മുബാഹലയെ ഒഴിവാക്കിയതാണ്. പിന്നീട് എങ്ങനെയാണ് അല്ലാഹു അദ്ദേഹത്തിന്റെ നിന്ദ്യതയ്ക്കുള്ള സാഹചര്യം മാന്യനായ മനുഷ്യൻ ലജ്ജകൊണ്ട് മരിക്കുംവിധം അതിദ്രുതം ഉണ്ടാക്കിയതെന്ന് നോക്കുക. അവൻ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ 'തനിനിറം' കാണിച്ചു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാപനം, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി വായിച്ചപ്പോൾ മസീഹ് മൗഊദ്(അ)ന്റെ പ്രസ്തുത ഇൽഹാമിൽ ആക്ഷേപം ഉന്നയിച്ചു. അതഅ്ജബു ലിഅംരീ എന്ന വാക്യം തെറ്റാണ്. യഥാർഥത്തിൽ ആ തഅ്ജബു മിൻ അംരീ എന്നാണ് വേണ്ടത്. അതുകൊണ്ട് ആ ഇൽഹാം അല്ലാഹുവിന്റേതാകുകയില്ല.' സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനുള്ള മറുപടിയിൽ എഴുതി:

"മുഹമ്മദ് ഹുസയ്ൻ എന്റെ അറബി ഇൽഹാമിൽ ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. അത് 1898 നവംബർ 21 ന് ഉണ്ടായതാണ്. അതായത് അതഅ്ജബു ലിം അംരീ എന്നത് അയാളുടെ നിന്ദ്യതയുടെ കവാടം സ്വയം തുറന്നിരിക്കുകയാണ്. സ്വന്തം കൈകൊണ്ട് വേഗം നിന്ദ്യതയുടെ ആഗ്രഹത്തെ പൂർത്തിയാക്കി. എന്നല്ല, പെട്ടെന്നുള്ള നിന്ദ്യത 1898 ഡിസംബർ 15 മുതൽ പുലരേണ്ടതുണ്ടായിരുന്നു. അദ്ദേഹം അതിനു മുമ്പേതന്നെ ഒരു ലജ്ജാകരമായ നിന്ദ്യതയേറ്റിയിരിക്കുന്നു. അതിനെ പെട്ടെന്ന് എന്നല്ല പ്രത്യുത മുൻകൂറായുള്ള നിന്ദ്യത എന്നാണ് പറയേണ്ടത്. അതിതാണ്, പ്രസ്തുത ശെയ്ഖ് എനിക്കുണ്ടായ ഇൽഹാം കണ്ട് ഒരവസരത്തിൽ ഈ നഗരവാസിയായ ശെയ്ഖ് ഗുലാം മുസ്തഫായുടെ മുമ്പിൽ.... ഈ ആക്ഷേപം ഉന്നയിച്ചു. ഇൽഹാം രേഖപ്പെടുത്തിയ വിജ്ഞാപനത്തിലുള്ള അതഅ്ജബുലി അംരീ എന്ന വാക്യത്തിൽ വ്യാകരണപരമായ തെറ്റുണ്ട്. ദൈവത്തിന്റെ വചനം തെറ്റാൻ പാടില്ല. എന്നല്ല അതഅ്ജബുമിൻ അംരീ എന്നാണ് വേണ്ടത്.' ഇതാണ് ആ ആക്ഷേപം. ഇതുമുഖേന താമസംവിനാ ശെയ്ഖിന് നിന്ദ്യതയുണ്ടായി. കാരണം അറേബ്യയിലെ പ്രശസ്തരായ കവികൾ എന്നല്ല ജാഹിലിയ്യാ കാലഘട്ടത്തിലെ പ്രഗത്ഭരായ കവിമാരുടെ രചനകളിൽനിന്ന് നാം സ്ഥാപിച്ചുകാണിച്ചു, 'അജബ' എന്നതിന്റെ 'സ്വില:' ഈ തെറ്റായ ആക്ഷേപം ഉന്നയിച്ച്-അത് അദ്ദേഹത്തിന്റെ തികഞ്ഞ വിവരമില്ലായ്മയും അജ്ഞതയും പ്രകടിപ്പിക്കുന്നതാണ്-അറിവുള്ളവരുടെ മുമ്പിൽ സ്വന്തം കൈയാൽ തന്റെ അങ്ങേയറ്റത്തെ ദോഷം വെളിപ്പെടുത്തിരിയിരിക്കുകയാണ്. എന്നല്ല എല്ലാ ഓരോ ശത്രുവിന്റേയും സ്നേഹിതന്റേയും മുമ്പിൽ അയാൾ വെറും പേരിനു മൗലവിയും അറബിജ്ഞാനങ്ങളിൽ അന്ധനുമാണെന്ന് സ്ഥാപിച്ചു കാണിച്ചിരിക്കുകയാണ്. മൗലവി എന്നു പറയപ്പെടുന്ന അത്തരം വ്യക്തിക്ക് ഇതിനേക്കാളും വലിയ നിന്ദ്യത ഉണ്ടാകാനില്ല. അയാൾ യഥാർഥത്തിൽ പാണ്ഡിത്യത്തിന്റെ ഗുണവിശേഷത്തിൽ നിർദോഷിയാണ്. അഹോ കഷ്ടം! ഈ 'ഫിഅലി'ന്റെ 'സ്വിലഃ' അതായത് 'അജബ' എന്നതിന്റെ സ്വിലഃ ചിലപ്പോൾ 'മിൻ' എന്ന വാക്കിനാലും ചിലപ്പോൾ 'ലാം' എന്ന വാക്കിനാലും വരുന്നുവെന്ന് അയാൾക്ക് ഇപ്പോഴും അറിയില്ല. 'ഹിദായത്തുന്നഹ്വ്' വരെയെങ്കിലും പഠിച്ചിട്ടുള്ള ഒരു കുട്ടിപോലും അറിയുന്നതാണ് 'മിൻ'ന്നിന്റേതു വിവരിച്ചിട്ടുള്ളതുപോലെ നഹ്വികൾ 'ലാ'മിന്റെ സ്വിലയും വിവരിച്ചിട്ടുണ്ടെന്ന്.

മുഹമ്മദു ഹുസയ്ൻ ബട്ടാലവി ജീവിതം മുഴുവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ നിന്ദ്യതകൾ വഹിച്ചുകൊണ്ടിരുന്നു. അവയിൽ ചില നിന്ദ്യതകൾ മാന്യനായ ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ലജ്ജകൊണ്ട് മരിക്കുവിധമുള്ളതായിരുന്നു. **(മൻസ്വൂർ അഹ്മദ് മസ്റൂർ)**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. അദ്ദേഹം പറഞ്ഞു:**
**'ജനാസയുടെമേൽ നമസ്കരിക്കുംവരെ അതിനെ പിന്തുടർന്നവന് ഒരു ഖീറാത് പ്രതിഫലമുണ്ട്. ഖബ്റടക്കുംവരെ പിന്തുടർന്നവനാകട്ടെ രണ്ടു ഖീറാത്വും.'**
**ആരോ ചോദിച്ചു: 'രണ്ടു ഖീറാത് എത്രയുണ്ടാകും?'**
**അവിടന്ന് പറഞ്ഞു:'രണ്ടു മഹാപർവതങ്ങൾക്കു സമാനം.' (മുസ്ലിം, ഹദീഥ് 481)**

**ത്വാലിബെ ദുആ**
**K.Muhammad Safwan & Family, Ahmadiyya Jama-ath Kakkanad, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin